# ഹെർമോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

2019 എപ്രിൽ – ജൂൺ

ലക്കം: 13





RHYME unfolds on
April 07th 2019 @ 2pm

Registration started for

Vocal | Piano/Keyboard
Guitar | Violin | Drums

Western & Eastern

CERTIFICATION

TRINITY COLLEGE LONDON

POWERED

HARP'N LYRE
Academia Musica

RHYME
MUSIC ACADEMY
resonate to rhythm of life

Galaxy Building, Kattanam
9447566683 | 9388950195

ഹെർമ്മോൻ ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക

# ഉള്ളടക്കം

ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

എഡിറ്റോറിയൽ

**8** ഉത്തരവാദിത്വങ്ങൾ വിസ്മരിക്കുന്നവരോ
–റവ. ജിനു ജേക്കബ്

**11** പച്ചയായ പുൽപ്പുറങ്ങൾ തേടി
–ഏബ്രഹാം മാമ്മൻ

**13** പ്രകൃതി–വിശ്വാസം–ജീവിതശൈലി
–റവ. പി.ജെ. വർഗ്ഗീസ്

**19** നീ ആരാകുന്നു കർത്താവേ
–തോമസ് വർഗ്ഗീസ്

**21** രൂപാന്തരപ്പെടുക
–ജിഷോ കെ. ഡാനിയേൽ

**22** കരുതൽ....
–പ്രസാദ് ലാസർ

**23** അന്ത്യമൊഴി
–സില്ലാ ജോൺസൺ

**24** ആരോഗ്യം

**24** ദൈവത്തിന്റെ ഹൃദയത്തിലുള്ള നടപ്പാത
–റ്റീനാ ജിനി

**24** പുഞ്ചിരിയുടെ വില
–ഡോ. ജാൻസി ജെയിംസ്



പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗീസ്സ് തരകൻ**
**ശ്രീ. കെ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി.കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി. സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ അരമന, അടൂർ–691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ – 50/–**



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

കർത്താവിൽ വാത്സല്യമുള്ളവരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം!

ദൈവവചനം പങ്കുവെയ്ക്കപ്പെട്ട ധാരാളം കൂടിവരവുകളിൽ നാം ഇക്കഴിഞ്ഞ മാസങ്ങളിൽ സംബന്ധിക്കുകയുണ്ടായി. മനുഷ്യജീവിതത്തെ രൂപാന്തരപ്പെടുത്തുകയും സമൂഹത്തെ പുതുക്കുകയും ചെയ്യുന്ന തിരുവചന സ്വാധീനം നമ്മിൽ എന്നും നിലനിൽക്കേണ്ടതാണ്. ഇക്കഴിഞ്ഞ മാരാമൺ മഹായോഗം ആരംഭിക്കുന്നതിന്റെ തലേനാൾ മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ ശതാബ്ദി സമ്മേളനമായി ക്രമീകരിച്ച 'ലോക മാർത്തോമ്മാ വനിതാ സംഗമം' ഏറ്റവും അനുഗ്രഹപ്രദമായി നടത്തുവാൻ ദൈവം കൃപ ചെയ്തു. ഇതിന്റെ വിജയകരമായ നടത്തിപ്പിൽ ആത്മാർത്ഥമായി സഹകരിച്ച ഏവരോടും സഹായിച്ചവരോടുമുള്ള അഭിനന്ദനം അറിയിക്കുന്നു. തുടർന്ന് നടന്ന കൺവൻഷൻ യോഗങ്ങൾ ഏവർക്കും പ്രയോജനകരമായിരുന്നുവെന്നു വിശ്വസിക്കുന്നു. ഒരാഴ്ച നീണ്ടുനിന്ന കൺവൻഷൻ യോഗങ്ങളോടനുബന്ധിച്ച് നമ്മുടെ ഭദ്രാസനത്തിന്റെ സ്റ്റാളും പ്രവർത്തിച്ചിരുന്നു. ഇതിനു നേതൃത്വം നൽകിയ ഏവരോടും നന്ദി അറിയിക്കുന്നു.

2018-19 സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ എല്ലാ ഇടവകകളും സംഘടനകളും തന്നാണ്ടത്തെ വരവ്-ചെലവ് കണക്ക് എത്രയും വേഗം തയ്യാറാക്കി ഇന്റേണൽ, എക്സ്റ്റേണൽ ഓഡിറ്റിംഗിനു വിധേയപ്പെടുത്തി, ഭദ്രാസന ഓഫീസിൽ അംഗീകാരത്തിനായി അയച്ചുതരേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ സഭയ്ക്കും ഭദ്രാസനത്തിനും സെന്ററുകൾക്കും നൽകേണ്ടുന്ന വിഹിതം ചേർത്തിരിക്കണം. ഭദ്രാസന കൺവൻഷൻ, സൃഷ്ടിക്കൊരു സങ്കീർത്തനം എന്ന ക്രിസ്തുമസ് ഗാനശുശ്രൂഷ, അനുഗ്രഹ ഡി-അഡിക്ഷൻ, ആർദ്രത പെയിൻ & പാലിയേറ്റീവ്, ഹെർമ്മോൻ ദൂതൻ, സെന്റർ അടിസ്ഥാനത്തിൽ നടക്കുന്ന ആത്മായ പരിശീലനം ആദിയായവയ്ക്ക് മതിയായ തുക വക കൊള്ളിക്കേണ്ടതാണ്. കായംകുളം സെന്ററിൽ ഉൾപ്പെട്ട ഇടവകകൾ തറയിൽക്കടവ്-പുതുപ്പള്ളി മിഷൻ പ്രവർത്തനങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന തുക ഇടവക ബഡ്ജറ്റിൽ ചേർത്ത് യഥാസമയം അടച്ചിരിക്കേണ്ടതാണ്.

2019-20 കാലഘട്ടത്തിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ചുമതലക്കാരും കൈസ്ഥാന സമിതി അംഗങ്ങളും സംഘടനകളുടെ ചുമതലക്കാരും ഒത്തുചേർന്ന് റിട്രീറ്റ് ആയി കൂടി പ്രാർത്ഥനാപൂർവ്വം ഒരുങ്ങി ചുമതലകൾ ഏറ്റെടുക്കുകയും ഇടവകയുടെ ഈയർപ്ലാൻ കാലേകൂട്ടി നിശ്ചയിച്ച് അതിൻപ്രകാരം അടുക്കോടും ചിട്ടയോടും കൂടെ പ്രവർത്തിക്കേണ്ടതുമാണ്.

ഭദ്രാസന അടിസ്ഥാനത്തിലും സെന്റർ അടിസ്ഥാനത്തിലും നടത്തപ്പെടുന്ന വിവിധ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് ക്രമീകൃതമായ വിധത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യണം. സാമ്പത്തിക ഇടപാടുകൾ പരമാവധി ക്യാഷ് ഇടപാടുകൾ ഒഴിവാക്കി ബാങ്ക് ചെക്ക് മുഖേന നടത്തേണ്ടതാണ്. സാമ്പത്തിക ഇടപാടുകളിൽ അതാത് സമയങ്ങളിൽ സമാഹരിക്കപ്പെടുന്ന തുകകൾ ഉടൻ ബാങ്കിൽ നിക്ഷേപിക്കുന്ന രീതി അവലംബിക്കണം. കൈവശം വെയ്ക്കുവാൻ ഇടവകയോഗം അനുവദിച്ചിട്ടുള്ളതും സമ്മതപത്രത്തിൽ എഴുതി നൽകിയിട്ടുള്ളതുമായ തുകയിൽ കൂടുതൽ പണമായി കയ്യിൽ സൂക്ഷിക്കുന്നത് കൃത്യവിലോപമാണ്.

എപ്പിസ്കോപ്പൽ സന്ദർശനവേളയിൽ അന്നേദിവസത്തെ സ്തോത്രകാഴ്ച 'ഇടവക ശുശ്രൂഷകരുടെ ക്ഷേമനിധി'യിലേക്ക് നൽകിക്കൊണ്ടിരിക്കുന്ന പതിവ് ചില ഇടവകകളെങ്കിലും പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വികാരി അച്ചന്മാരും ഇടവക ട്രസ്റ്റിമാരും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണം.

സഭ ആകമാനം വലിയനോമ്പിന്റെ നാളുകളിലൂടെയാണല്ലോ കടന്നുപോകുന്നത്. നമ്മുടെ എല്ലാ ഇടവകകളിലും നോമ്പ് നമസ്കാരം ക്രമീകൃതമായി നടക്കുന്നു എന്ന് കാണുന്നതിൽ സന്തോഷമുണ്ട്. നോമ്പ് ദിനങ്ങളിലെ ധ്യാനത്തിന് സഹായകരമായ വിധം ഭദ്രാസനത്തിലെ പട്ടക്കാർ ചേർന്ന് തയ്യാറാക്കിയ 'നോമ്പിന്റെ നൊമ്പരങ്ങൾ' എന്ന ധ്യാനഗ്രന്ഥത്തിന് ലഭിച്ച സ്വീകാര്യത വളരെ വലു

തായിരുന്നു. ധ്യാനഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ പങ്കാളികളായ എല്ലാ വൈദീകർക്കും അഭിനന്ദനങ്ങൾ. നോമ്പ് കാലയളവ് ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ദാനധർമ്മങ്ങളുടെയും സമയമാണ്. വലിയനോമ്പ് നാളുകളിൽ വർജ്ജനത്തിലൂടെ സമാഹരിക്കുന്ന തുക നമ്മുടെ 'ആർദ്രത പെയ്ൻ ആൻഡ് പാലിയേറ്റീവ്' മിഷനിലൂടെ അർഹരായ രോഗികൾക്ക് നൽകണമെന്ന് ആഗ്രഹിക്കുന്നു. ഇടവകകൾ ഇപ്രകാരം സ്വരൂപിക്കുന്ന തുക താമസംവിനാ ഭദ്രാസന ഓഫീസിൽ എത്തിക്കേണ്ടതാണ്. മദ്ധ്യവേനൽ അവധിക്കാലത്ത് നടത്തപ്പെടുന്ന വി.ബി.എസ്-ന് എല്ലാ കുട്ടികളും സംബന്ധിക്കുന്നുവെന്ന് ഉറപ്പാക്കണം. ഇടവകയുടെ പരിസരങ്ങളിലുള്ള താല്പര്യമുള്ള മറ്റ് കുട്ടികളേയും പങ്കെടുപ്പിക്കുന്നത് ഏറെ നല്ലതാണ്. വാർഷിക പരീക്ഷകൾ എഴുതി ഫലം കാത്തിരിക്കുന്ന എല്ലാ കുട്ടികൾക്കും ഉന്നതമായ വിജയം ദൈവം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പുതിയ സ്കൂൾ വർഷാരംഭത്തിന് മുൻപായി നമ്മുടെ പുതിയ ഇടവകകളിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണവും സ്കൂൾ വർഷാരംഭ ധ്യാനവും 2019 മെയ് മാസം 17-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 3 മണിക്ക് ഈശോ മാർ തിമെഥെയോസ് മെമ്മോറിയൽ സ്പിരിചാലിറ്റി സെന്ററിൽ ക്രമീകരിച്ചിരിക്കുന്നു.

നമ്മുടെ ഇടവകകളിൽ തങ്ങളുടെ പെൺമക്കളുടെ വിവാഹം നടത്തുന്നതിന് സാമ്പത്തിക പരാധീനത അനുഭവിക്കുന്ന പലരുമുണ്ട്. അപ്രകാരം ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിലേക്ക് നമ്മുടെ ഭദ്രാസന വികസന സംഘത്തിലൂടെ ഒരു ക്രമീകരണം നടത്തിവരുന്നു. പ്രസ്തുത പദ്ധതിയിലേക്ക് മണ്ണടി മാർത്തോമ്മാ ഇടവകയിലെ ഒരു കുടുംബം 5 ലക്ഷം രൂപാ ആദ്യഗഡുവായി നൽകിയിട്ടുണ്ട്. ഇന്ന് പല വിവാഹങ്ങളും അമിത ആർഭാടത്തോടെ നടത്തുന്ന പ്രവണത കാണുന്നുണ്ട്. മക്കളുടെ വിവാഹസമയത്തെ ആർഭാടങ്ങൾ ഒഴിവാക്കി ചെലവ് ചുരുക്കി അതിൽനിന്നും ലഭിക്കുന്ന തുക ഈ വിവാഹസഹായ സംരംഭത്തിലേക്ക് നൽകുന്നത് ഏറെ സഹായകരമാണ്.

നമ്മുടെ ഭദ്രാസനത്തിൽ സ്തുത്യർഹമായ ശുശ്രൂഷകൾ നിർവ്വഹിച്ച് മറ്റ് ഭദ്രാസനങ്ങളിലേക്ക് മെയ് 01 മുതൽ സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട അച്ചന്മാരോടും കുടുംബങ്ങളോടും ഭദ്രാസനത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു. ഈ വർഷം സജീവ സേവനത്തിൽനിന്നും വിരമിക്കുന്ന തേവലക്കര ഹെബ്രോൻ ഇടവക വികാരി റവ.ഡോ. കെ.എ. ഏബ്രഹാം അച്ചനോടും കുടുംബത്തോടും ഭദ്രാസനത്തിന്റെ വാത്സല്യവും നന്ദിയും അറിയിക്കുന്നു. തുടർന്നുള്ള നാളുകൾ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹപ്രദമായ ശുശ്രൂഷകൾ അനുഷ്ഠിക്കുവാൻ ദൈവം സഹായിക്കട്ടെ. മറ്റ് ഭദ്രാസനങ്ങളിൽ നിന്നും മെയ് 01 മുതൽ അടൂർ ഭദ്രാസനത്തിന്റെ ശുശ്രൂഷകളിലേക്ക് എത്തിച്ചേരുന്ന എല്ലാ അച്ചന്മാരേയും കുടുംബങ്ങളേയും സസന്തോഷം സ്വാഗതം ചെയ്യുന്നു.

നമ്മുടെ രാജ്യം ഒരു പൊതുതെരഞ്ഞെടുപ്പിന് തയ്യാറെടുത്തുകൊണ്ടിരിക്കുന്ന സമയമാണല്ലോ. ഭരണഘടന നമുക്ക് നൽകുന്ന സമ്മതിദാന അവകാശം വളരെ വിവേകപൂർവ്വം വിനിയോഗിക്കുകയും വോട്ട് ഒന്നും പാഴാക്കാതെ തങ്ങളുടെ ചുമതല കൃത്യമായി നിർവ്വഹിക്കുകയും ചെയ്യണം. ഭാരതത്തിന്റെ അഖണ്ഡതയും മതേതരത്വവും പൊതുജനത്തിന്റെ അഭിപ്രായസ്വാതന്ത്ര്യവും ഹനിക്കുന്ന യാതൊരു സമീപനവും ഉണ്ടാകാൻ ഇടയാകാത്തക്കവിധത്തിൽ ഭരണനിർവ്വഹണത്തിന് തക്കയാളുകളെ തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധിക്കണം. വിശ്വാസ ആചാരാനുഷ്ഠാനങ്ങളുടെയും പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്ന പ്രവണത മുളയിലേ നുള്ളിക്കളയേണ്ടതാണ്. രാഷ്ട്രത്തിന്റെ അതിർത്തി സംരക്ഷണസേന നിർവ്വഹിക്കുന്ന സാഹസികമായ ചുമതല ഏറ്റം ശ്ലാഘനീയമാണ്. രാഷ്ട്രസുരക്ഷയിൽ പോലും രാഷ്ട്രീയം കലർത്തുന്ന പ്രവണതയും അവസാനിപ്പിക്കേണ്ടതാണ്. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിക്കേണ്ടത് ഭരണകർത്താക്കളുടെയും രാഷ്ട്രീയപാർട്ടികളുടെയും കടമയാണ്.

നാം അധിവസിക്കുന്ന ദേശവും നമ്മുടെ സാമൂഹ്യബന്ധങ്ങളും ദൈവദാനമാണെന്ന തിരിച്ചറിവോടെ ദൈവത്തോടും മനുഷ്യരോടും ഒരുപോലെ ചേർന്നുനിൽക്കുവാൻ നമുക്ക് സാധിക്കണം. നമ്മുടെ കർത്താവിന്റെ ക്രൂശുമരണവും ഉയിർപ്പും ലോകത്തിന് നൽകുന്ന സന്ദേശം മരണശക്തികളിൽ നിന്നുള്ള വിജയവും പ്രത്യാശയുടെ പ്രഘോഷണവുമാണ്. പുനരുത്ഥാനത്തിന്റെ സാക്ഷികളാകുവാൻ വിളിക്കപ്പെട്ടവരായ നാം നമ്മുടെ സമൂഹത്തിന് പ്രത്യാശയുടെ പുതുബലം പകരുന്നവരാകണം. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഏവരെയും സഹായിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ,

Mar Paulos +

ഹെർമ്മോൻ അരമന, അടൂർ
2019 ഏപ്രിൽ 1

**ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ......



ഒരു സാമ്പത്തികവർഷം കൂടി നമ്മെ വിട്ടു കടന്നുപോകുന്നു. വലിയവനായ ദൈവത്തിന്റെ അനവരതമായ ദൈവകൃപ അനുഭവിച്ചറിയാൻ നമുക്ക് സാധിച്ചു. ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ ശക്തമായ നേതൃത്വവും സൂക്ഷ്മതയും അതിനനുസരിച്ചുള്ള നിർദ്ദേശങ്ങളും ഭദ്രാസനത്തിന്റെ അനുദിനമുള്ള പുരോഗതിക്ക് വഴി തെളിക്കുന്നു.

നമ്മുടെ ഭദ്രാസന കൺവൻഷൻ ജനുവരി 2 മുതൽ 6 വരെ വളരെ അനുഗ്രഹപ്രദമായി നടന്നു. അഭിവന്ദ്യ തിരുമേനിമാരുടെയും പട്ടക്കാരുടെയും സുവിശേഷകരുടെയും കൗൺസിൽ അംഗങ്ങളുടെയും വിവിധ സംഘടനകളുടെയും വിവിധ സബ്കമ്മിറ്റികളുടെയും സജീവ സാന്നിദ്ധ്യവും സഹകരണവും ഉണ്ടായിരുന്നു. പ്രത്യേകാൽ പ്രസംഗകരോടും നേതൃത്വം നൽകിയ എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

ജനുവരി 26-ന് ഭദ്രാസനതലത്തിലുള്ള കുടുംബസംഗമം സ്പിരിച്വാലിറ്റി സെന്ററിൽ നടത്തപ്പെട്ടു. മാർച്ച് 2-ന് 2018 സഭാപ്രതിനിധി മണ്ഡല പഠനവിഷയം സംബന്ധിച്ച ക്ലാസും ചർച്ചയും നടന്നു.

അനുഗ്രഹ ഡി-അഡിഷൻ ക്യാമ്പ് ജനുവരിയിലും മാർച്ചിലും നടത്തപ്പെട്ടു. എല്ലാ മാസവും ആദ്യ ശനിയാഴ്ച നടത്തപ്പെടുന്ന റിവൈവൽ മീറ്റിംഗ്, രണ്ടാം വെള്ളിയാഴ്ച മുഴുരാത്രി പ്രാർത്ഥന, ആർദ്രത പാലിയേറ്റീവ് മിഷൻ കൂട്ടിവരവ്, വിജയവഴി ക്യാമ്പ് എന്നിവ നടന്നുവരുന്നു.

2018-2019 ലെ വാർഷിക റിപ്പോർട്ട് ശരിയായിക്കൊണ്ടിരിക്കുന്നു. സംഘടനകളും മിഷൻഫീൽഡുകളും സ്ഥാപനങ്ങളും തങ്ങളുടെ റിപ്പോർട്ട് ഏപ്രിൽ 10-ന് മുൻപ് നൽകണമേ. ഇടവകകളുടെയും സ്ഥാപനങ്ങളുടെയും വാർഷിക കണക്ക് ഓഡിറ്റ് ചെയ്ത് 10 ബിബി ഫോറം സഹിതം ഭദ്രാസന ഓഫീസിൽ നൽകണമെന്ന് അറിയിക്കുന്നു.

നമ്മുടെ ഭദ്രാസന അസംബ്ലി ജൂലൈ 13 ന് നടത്തുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. പുതിയ സാമ്പത്തിക വർഷം ഭദ്രാസന പ്രവർത്തനത്തിൽ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

**റവ. വി. കുഞ്ഞുകോശി**
ഭദ്രാസന സെക്രട്ടറി



Editorial

## വിരിയണം നന്മയുടെ പൂക്കൾ... വീശണം സൗഹൃദത്തിന്റെ സൗരഭ്യം

ഇന്നു ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണികളിലൊന്ന് മനുഷ്യന്റെ വീണ്ടുവിചാരമില്ലാത്ത പ്രവർത്തികൾ മൂലം പ്രകൃതിയുടെ താളം തെറ്റിക്കൊണ്ടിരിക്കുന്നുവെന്നതാണ്. എന്തും ആർജ്ജിക്കുവാനും ആഘോഷമാക്കുവാനുമുള്ള മനുഷ്യന്റെ ആഗ്രഹവും ആവേശവും അധികമായി വർദ്ധിച്ചിരിക്കുന്നതിനാൽ ആഗോള താപവ്യവസ്ഥയിൽ തന്നെ വലിയ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നു. അക്ഷരാർത്ഥത്തിൽ നാടും നഗരവും കത്തിയുരുകുകയാണ്. കാടും മേടും വെട്ടിവെളുപ്പിച്ചും, തണ്ണീർ തടങ്ങളും അരുവികളും മലിനമാക്കുകയും മണ്ണിട്ടുമൂടുകയും ചെയ്യുന്ന പ്രവണതയ്ക്ക് ഊർജ്ജം പകരുമ്പോൾ നാം അറിയണം ഇങ്ങനെ മുമ്പോട്ടുപോയാൽ പ്രകൃതിയുടെ സംഹാരതാണ്ഡവം വീണ്ടും നാം കാണേണ്ടിവരുമെന്ന്.

ശ്രുതിയും താളവും ഒത്തുചേരുമ്പോൾ സംഗീതം ആസ്വാദനമാകുമ്പോലെ മനുഷ്യനും പ്രകൃതിയും കൈകോർത്തു മുമ്പോട്ടുപോകുമ്പോൾ മാത്രമേ ഈ ഭൂമി സ്വർഗ്ഗമായിത്തീരുകയുള്ളൂ. പ്രകൃതിസൗഹൃദജീവിതശൈലി (ecofriendly life style) നമുക്കിന്ന് ആവശ്യമാണ്. സൃഷ്ടാവ് കൈയൊപ്പു ചാർത്തിയ മനോഹരമായ പ്രകൃതിയെ വിരൂപവും വികൃതവുമാക്കുന്ന എല്ലാ പ്രവണതകളോടും വിടപറയുന്ന അതിജീവനം എന്ന കലയെ നാം പരിപോഷിപ്പിക്കണം.

നമ്മുടെ ജീവിതം കുട്ടിച്ചോറാക്കുന്ന ആസ്വാദനയിടങ്ങളിലേക്കുള്ള (Comfort Zone) ഒളിച്ചോട്ടമല്ല അതിജീവനം മറിച്ച് നന്മയെ സ്വാംശീകരിച്ചും തിന്മയെ തിരസ്കരിച്ചും യാഥാർത്ഥ്യത്തെ അംഗീകരിച്ചും മൂല്യങ്ങളെ ആർജ്ജിച്ചും മുന്നേറുന്നതാണ്.

ഇന്നും ഈ പ്രകൃതിയിൽ നന്മകൾ അവശേഷിക്കുന്നു എന്നു വേനലിൽ പൂത്ത കണിക്കൊന്ന നമ്മോടു പറയുമ്പോൾ വിരിയണം നമ്മിൽനിന്നും നന്മയുടെ പൂക്കൾ. വീശണം സൗഹൃദത്തിന്റെ സൗരഭ്യം പ്രപഞ്ചമാകെ.

പ്രണയിക്കാം ഈ പ്രപഞ്ചത്തെ നിറമനസ്സോടെ (Love the nature)

പഠിക്കാം ഈ പ്രപഞ്ചത്തിൽ നിന്നും നല്ലപാഠങ്ങൾ (Learn from the nature)

പരിരക്ഷിക്കാം ഈ പ്രപഞ്ചത്തെ നന്മയാൽ (Liberate the nature)

പാർക്കാം ഈ പ്രപഞ്ചത്തിൽ നല്ലവരായി (Live in the nature)

യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ ലഭ്യമായ രക്ഷയുടെ അനുഭവവും ഉയിർപ്പിലൂടെ കൈവരിച്ച ജീവന്റെ പ്രത്യാശയും നമ്മുടെ ജീവിതത്തെ അനുഗ്രഹമാക്കിത്തീർക്കട്ടെ.

റവ. പി.ജെ. തോമസ്
ചീഫ് എഡിറ്റർ



റവ. ജിനു ജേക്കബ്
(കിഴക്കുപുറം ബഥേൽ)

*"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി."*

*(ഉല്പത്തി 2:15)*

**ദൈ**വത്തിന്റെ സൃഷ്ടിയായ മനുഷ്യൻ നിരവധി വിശേഷതകൾ കൊണ്ട് അലങ്കരിക്കപ്പെട്ടവനാണ് മറ്റ് സൃഷ്ടികളിൽ നിന്നും വിഭിന്ന മായി ചിരിക്കാനും ചിന്തിക്കാനും പ്രവർത്തിക്കാനുമൊക്കെ കഴിവുള്ള സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ. എന്നാൽ ദൈവം നൽകിയ സൗഭാ ഗ്യങ്ങളെ സംരക്ഷിക്കുന്നതിൽ നാം പരാജയപ്പെട്ടു പോകുന്നില്ലേ? സൃഷ്ടി വിവരണത്തിൽ എല്ലാ സൃഷ്ടിജാലങ്ങളെയും സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ദൈവം ഭരമേൽപ്പിക്കുന്നത് മനുഷ്യനെയാണ്. നില നിർത്താനും നശിപ്പിക്കാനുമുള്ള സാധ്യത ദൈവം നമുക്ക് നൽകിയിട്ടു ണ്ട്.

**സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഈ പ്രപഞ്ചത്തിന്റെ സൗന്ദര്യം എത്ര ആസ്വദിച്ചാലും മതിയാകില്ല. വിരിഞ്ഞു നിൽക്കുന്ന പനിനീർ പുഷ്പം തെളിഞ്ഞ മനസ്സിനെ പ്രദാനം ചെയ്യുന്നു**

കുഞ്ഞുങ്ങളോട് കഥകൾ പറയുമ്പോൾ 'പണ്ട് പണ്ടൊരിടത്ത്....." (Once upon a time) എന്ന് പറഞ്ഞ് നാം ആരംഭിക്കാറുണ്ട്. പ്രകൃതിവിഭവ ങ്ങളെക്കുറിച്ച് ഇനി വരുന്ന തലമുറയോട് നമുക്ക് ഇങ്ങനെതന്നെ പറ യേണ്ടിവരും. "പണ്ട് പണ്ട് ഇവിടെ കാടും പുഴകളും മലകളും കുന്നു കളും പാടങ്ങളും നിറഞ്ഞ ഒരു നാടുണ്ടായിരുന്നു....' അവയൊക്കെ ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. കോൺക്രീറ്റ് സൗധങ്ങളാൽ നിറയപ്പെട്ട നമ്മുടെ നാട്ടിൽ പ്രകൃതി വിഭവങ്ങൾ അന്ത്യശ്വാസം വലിച്ചുകൊണ്ടിരി ക്കുന്നു. കേരളത്തിൽ അടുത്തിടെയുണ്ടായ മഹാപ്രളയം നമ്മുടെ പ്രകൃ തിയിന്മേലുള്ള ചൂഷണത്തിനുള്ള ആസക്തിക്ക് ഒരു മുന്നറിയിപ്പാണ്. ഇനിയെങ്കിലും പ്രപഞ്ചസൗന്ദര്യത്തിന്റെ മനോഹാരിതയിലേക്ക് ഒന്ന് തിരി ഞ്ഞുനോക്കുവാൻ നമുക്ക് കഴിയുമോ?



# ഉത്തരവാദിത്വങ്ങൾ വിസ്മരിക്കുന്നവരോ

നമ്മുടെ ജീവിതശൈലി രൂപപ്പെട്ടിരിക്കുന്നത് നമ്മുടെ ആവശ്യങ്ങൾക്കനുരൂപമായാണ്. “We always prefer our comforts and joy”. ഇത് വളരെ അപകടകരമാണ്. പ്രകൃതി നശിച്ചാലും വിഭവങ്ങൾ നഷ്ടപ്പെട്ടാലും, ഭൂകമ്പം ഉണ്ടായാലും സ്വന്തം സുഖവും സൗകര്യങ്ങളും മാത്രം ഉയർത്തിപ്പിക്കുവാൻ ശ്രമിക്കുന്ന തലത്തിലേക്ക് ഇന്ന് നാം അധഃപതിച്ചിരിക്കുന്നു. എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന മനോഭാവം (inclusive attitude) ഉണ്ടായില്ലെങ്കിൽ വിദൂരഭാവിയിൽ മനുഷ്യകുലത്തിന്റെ നാശത്തിന് അത് കാരണമാകും.

മനുഷ്യന്റെ ചൂഷണത്തിന് വിധേയമാകുന്ന പ്രകൃതിയും പല തരത്തിലുള്ള വ്യത്യാസങ്ങൾ ഇന്ന് പ്രകടിപ്പിക്കുന്നു. ആഗോളതാപനം ഉയർത്തുന്ന ആശങ്കകളെ നിസ്സാരമായി കാണാൻ കഴിയില്ല. പഠനങ്ങൾ സൂചിപ്പിക്കുന്നത് ആഗോള ശരാശരി താപനിലയിൽ കഴിഞ്ഞ നൂറ്റാണ്ടിൽ ഉണ്ടായ വർദ്ധനവ് 0.74 ഡിഗ്രി സെൽഷ്യസിന്റേതാണ് എന്നതാണ്. അടുത്ത നൂറ്റാണ്ടിൽ ഈ വർദ്ധനയുടെ തോത് അഞ്ചിരട്ടി വരെയാകാനും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ പ്രകൃതിക്ക് ഇണങ്ങുന്ന ജീവിതരീതികൾ അനുവർത്തിക്കേണ്ടതിന്റെ പ്രാധാന്യം വളരെ വലുതാണ്.

ആദാമിനും ഹവ്വായ്ക്കും ദൈവം നൽകിയ നിയോഗത്തിലേക്ക് ഒരു മടങ്ങിപ്പോക്ക് ആവശ്യമാണ്. “സൃഷ്ടിയെ സംരക്ഷിക്കുക”.

**കാവൽവിളക്കുകളോ കരിന്തിരികളോ?**

ഏദെൻതോട്ടം മനോഹരമായ പ്രപഞ്ചത്തെ ഉൾക്കൊള്ളുന്ന അനുഭവമാണ്. താൻ സൃഷ്ടിച്ചതിനെ ഒക്കെയും നോക്കി നല്ലതെന്ന് കണ്ട ദൈവം (ഉല്പ. 1:31) പരിപാലനത്തിന്റെ പൂർണ്ണ ചുമതല നൽകിയത് മനുഷ്യനാണ്. വൃക്ഷലതാദികളും നദികളും പക്ഷിമൃഗാദികളും സന്തോഷത്തോടെ നിവസിക്കുന്ന ഒരു വർണ്ണപ്രപഞ്ചമാണ് മനുഷ്യന്റെ കരങ്ങളിലേക്ക് നൽകപ്പെട്ടത്.

“അത്ഭുതച്ചെപ്പ് നരർക്കേകി ഈശ്വരൻ
കാത്തുസൂക്ഷിക്കുമെന്നാശയോടെ
കാക്കാൻ നമുക്കിന്ന് നേരമില്ല
വെട്ടിനിരത്താൻ തിടുക്കമായി”

ഭൂമിയാകുന്ന ഏദെൻതോട്ടത്തിന്റെ അവസ്ഥ എന്താണ്? ദൈവം തന്നിൽ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കുന്നതിൽ മനുഷ്യൻ പരാജയപ്പെട്ടുപോകുന്നു. ഉൽപ്പത്തി 3:23-ൽ ഇപ്രകാരം പറയുന്നു: “..... യഹോവയായ ദൈവം അവനെ ഏദെൻതോട്ടത്തിൽ നിന്നും പുറത്താക്കി” വിലക്കപ്പെട്ടത് ഭക്ഷിച്ച മനുഷ്യൻ സ്വയം നാശത്തിലേക്ക് വഴുതിവീഴുന്നു. ദൈവത്തിന്റെ വിലക്കുകൾ ലംഘിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. സംരക്ഷിക്കപ്പെടേണ്ട തോട്ടത്തിൽ അന്യായം പ്രവർത്തിച്ചതുപോലെ നാം ഈ ഭൂമിയുടെ അന്തകരായി മാറുകയല്ലേ.

ഒ.എൻ.വി. കുറുപ്പിന്റെ വരികൾ ഓർമ്മയിൽ കൊണ്ടുവരുന്നത് വളരെ അഭികാമ്യമാണ്.

“ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി
ഇത് നിന്റെ എന്റെയും ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം”

ഭൂമിയുടെ ചരമഗീതം അതിവേഗം ഏറ്റുപാടുന്ന അവസ്ഥയാണ് ഇന്ന് വന്നുഭവിച്ചിരിക്കുന്നത്. ഒരു ചോദ്യം വളരെ പ്രസക്തമാണ്. നമ്മൾ ഭൂമിയുടെ കാവലാളുകളാണോ? ഒരു രാജ്യത്തിന്റെ സുരക്ഷയിൽ നിർണ്ണായകപങ്ക് വഹിക്കുന്നത് അവിടുത്തെ പടയാളികളാണ്. അവരുടെ ദൗത്യത്തിൽ വീഴ്ച സംഭവിച്ചാൽ രാജ്യത്തിന് മുഴുവൻ അപകടമുണ്ടാകും. നമ്മുടെ പ്രകൃതിയോടുള്ള അശ്രദ്ധയും അവഗണനയും ദൈവം നമ്മെ ഭരമേൽപ്പിച്ച ഉത്തരവാദിത്വത്തിൽനിന്നുള്ള പിൻമാറ്റമല്ലേ എന്ന് നാം ചിന്തിക്കണം. എണ്ണ തീർന്ന് കഴിഞ്ഞാൽ കത്തുന്ന വിളക്കിന്റെ തിരികൾ കരിന്തിരികളാകും. പ്രകൃതിവിഭവങ്ങൾക്കും ഒരു പരിധിയുണ്ട്. കാവലാളുകളാകേണ്ടവർ കരിന്തിരികളായി മാറിയാൽ വരുംതലമുറകൾക്ക് നാം ഇന്നനുഭവിക്കുന്ന പ്രപഞ്ചത്തിന്റെ സൗന്ദര്യം അന്യമായിത്തീരും.

കഠിനമായ വേനലും, കാലം തെറ്റി എത്തുന്ന മഴയും, പരിചിതമല്ലാത്ത രോഗങ്ങളും ഇപ്പോൾ വ്യാപകമാണ്. സംരക്ഷണത്തിന്റെ പ്രാഥമിക പാഠങ്ങൾ മറന്ന് നാം പ്രവർത്തിച്ചാൽ നിരാശയുടെ നിശാഗീതം പാടുന്നവരായി നാം മാറും. എന്റെ അസ്ഥിത്വം നിലനിൽക്കണമെങ്കിൽ പ്രകൃതിയോടും മണ്ണിനോടും ചേർന്നുനിൽക്കണം എന്ന ബോധം നമുക്കുണ്ടാകണം.

**സൗന്ദര്യാരാധകരോ സന്മനസ്സില്ലാത്തവരോ?**

“വയലിലെ താമര എങ്ങനെ വളരുന്നു എന്ന് നിരൂപിപ്പിൻ” അവ അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നതുമില്ല. എന്നാൽ ശലോമോൻ പോലും തന്റെ സർവ്വ മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല.” (മത്താ. 6:28,29).

സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഈ പ്രപഞ്ചത്തിന്റെ സൗന്ദര്യം എത്ര ആസ്വദിച്ചാലും മതിയാകില്ല. വിരിഞ്ഞുനിൽക്കുന്ന പനിനീർപുഷ്പം തെളിഞ്ഞ മനസ്സിനെ പ്രദാനം ചെയ്യുന്നു. എന്നാൽ ഇന്ന് നാം എല്ലാം നശിപ്പിക്കുവാൻ വെമ്പൽ കാണിക്കുന്നു. ശലോമോൻ രാജാവിന്റെ മഹത്വത്തെക്കാൾ പ്രാധാന്യം നൽകി വയലിനെ താമരയെ യേശുകർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ വർണ്ണിക്കുമ്പോൾ അത് നമുക്ക് നൽകുന്ന സന്ദേശം വളരെ വലുതാണ്.

അല്പസമയം നന്മയ്ക്കുവേണ്ടി മാറ്റിവെയ്ക്കാൻ കഴിയാതെ പോകുന്ന ഇന്നത്തെ ലോക

ത്തിൽ പ്രകൃതിയുടെ സൗന്ദര്യം വിസ്മരിക്കപ്പെട്ടു പോകുന്നതിൽ യാതൊരു അത്ഭുതവുമില്ല. പൂവിലും പുല്ലിലുമെല്ലാം സൗന്ദര്യം കണ്ടെത്താൻ കഴിയുന്ന മനസ്സ് നമുക്കുണ്ടാകണം. "ഭൂമിയുടെ അവകാശികൾ" എന്ന കഥയിൽ വൈക്കം മുഹമ്മദ് ബഷീർ പകർന്നുനൽകുന്ന ഒരു സന്ദേശമുണ്ട്. "ഈ ഭൂമി ആരുടെയും സ്വകാര്യ സ്വത്തല്ല. എല്ലാ ജീവജാലങ്ങൾക്കും തുല്യ അവകാശമുള്ള ഒന്നാണ്." കയ്യേറ്റങ്ങളും വെട്ടിനിരത്തലുകളും കൊണ്ട് ഭൂമിയെ വെട്ടിമുറിക്കുമ്പോൾ നാം മറ്റ് ചരാചരങ്ങളുടെ ജീവിക്കുവാനുള്ള അവകാശത്തെയാണ് നിഷേധിക്കുന്നത്. ചേറ്റിലും, പുഴയിലും, പാടങ്ങളിലും കളിച്ചുവളരുന്ന ഒരു തലമുറ ഇന്ന് പതിയെ അസ്തമിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതി സ്നേഹം വാക്കിലും വരയിലും മാത്രം ഒതുക്കാതെ പ്രായോഗികതലത്തിലേക്ക് കൊണ്ടുവരുവാൻ നാം പരിശ്രമിക്കണം. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ വിതരണം ചെയ്യുവാനും നടുവാനും എല്ലാവർക്കും താല്പര്യമാണ്. എന്നാൽ ഈ നട്ട മരങ്ങളെ സംരക്ഷിക്കുവാൻ നാം ശ്രമിക്കുന്നുണ്ടോ? പ്രതിഫലം ചോദിക്കാതെ വിഭവങ്ങൾ നൽകുന്ന പ്രകൃതി എന്ന സൗന്ദര്യത്തിന്റെ ആരാധകരും സംരക്ഷകരാകാൻ നമുക്ക് കഴിയണം.

**യഥാസ്ഥാനത്താക്കുന്നവരോ യാഥാർത്ഥ്യ ബോധം നശിച്ചവരോ?**

സ്ഥാനം തെറ്റി ഇരിക്കുന്നതിനെ ശരിയായ സ്ഥാനത്തേക്ക് കൊണ്ടുവരുന്നത് ജീവിത ക്രമീകരണങ്ങളുടെ ഭാഗമാണ്. തന്റെ ശുശ്രൂഷയിൽ ഏറിയ പങ്ക് ഉപമകളും പ്രകൃതിയുമായുള്ള ബന്ധത്തിലാണ് കർത്താവ് പ്രസ്താവിച്ചിട്ടുള്ളത്. മത്തായി 13:1–9 വരെയുള്ള ഭാഗത്ത് വിത്ത് വിതയ്ക്കാൻ പോകുന്ന വിതക്കാരന്റെ ഉപമ പറയുമ്പോൾ വിത്ത് പതിക്കുന്ന സ്ഥാനത്തെക്കുറിച്ച് പറയുന്നുണ്ട്. വഴിയരികിലും പാറസ്ഥലത്തും മുള്ളിനിടയിലും വീണ വിത്തുകൾ പാഴായിപ്പോയപ്പോൾ, നല്ല നിലത്തു വീണവ അധികം ഫലം കായ്ക്കുവാനിടയായി. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുവാൻ നാം പരിശ്രമിക്കണം. ശരിയായ സ്ഥാനത്ത് വിത്ത് വിതെയ്ക്കുന്ന അനുഭവം നമ്മയിലേക്ക് നയിക്കും.

യാഥാർത്ഥ്യബോധം നഷ്ടപ്പെട്ട ഒരു സമൂഹമാണ് ഇന്ന് രൂപപ്പെട്ടുവരുന്നത്. എല്ലാ മാലിന്യങ്ങളെയും ഉൾക്കൊള്ളുന്നതാണ് പ്രകൃതി എന്ന് നാം ചിന്തിക്കരുത്. നമ്മുടെ സമൂഹത്തിലെ ഏറ്റവും വലിയ പ്രശ്നമാണ് ഇന്ന് മാലിന്യ നിർമ്മാർജ്ജനം. കരയിലും കടലിലുമായി ദശലക്ഷക്കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങളാണ് നിക്ഷേപിക്കപ്പെടുന്നത്. ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ എന്നീ പേരുകളിൽ സർക്കാർ തന്നെ മാലിന്യ നിർമ്മാർജ്ജന പ്രക്രിയകളിൽ വ്യാപൃതമായിക്കഴിഞ്ഞു. നമുക്കും ഈ ഉദ്യമങ്ങളിൽ പങ്കുകാരാകാം.

മനഃപൂർവ്വമായി ചില തീരുമാനങ്ങൾ നാം എടുത്തെങ്കിൽ മാത്രമേ ഇന്ന് കാണപ്പെടുന്ന മനോഹരമായ പ്രകൃതിയെ നിലനിർത്തുവാൻ കഴിയുകയുള്ളൂ. ജലം, വായു, മണ്ണ് ഇവയെല്ലാം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഭൂമിയുടെ സ്പന്ദനം നിലനിർത്താൻ നാം പരാജയപ്പെട്ടാൽ, അതിന് കൊടുക്കേണ്ടിവരുന്ന വില വലുതായിരിക്കും. ആവശ്യവും അനാവശ്യവും തിരിച്ചറിയാൻ കഴിഞ്ഞാൽ ഒരു പരിധി വരെ പ്രകൃതിയുടെ ചൂഷണം തടയാൻ കഴിയും.

"Our aim should be to conserve the nature and its resources. Let us pledge for this cause." ●

# ആത്മായ നേതൃത്വപരിശീലന കളരി

ഫലപ്രദമായ ക്രിസ്തീയജീവിതം നയിക്കുന്നതിനു ക്രമീകൃതമായ തിരുവചന പഠനം ആവശ്യമായിരിക്കുന്നുവെന്നു മനസ്സിലാക്കി ഭദ്രാസനത്തിലെ കണ്ണംകോട്, പത്തനാപുരം, തേവലക്കര സെന്ററുകൾ പരിശീലന കളരി ക്രമീകരിച്ചു. സെന്ററിലെ വൈദീകർ നേതൃത്വം നൽകിയ പഠനകളരിയിൽ...

വേദപുസ്തകത്തിനു ഒരു ആമുഖം

പഴയനിയമം, പുതിയനിയമം

സഭാചരിത്രം, ദൈവവിജ്ഞാനീയം

പ്രസംഗപരിശീലനം, കൗൺസിലിംഗ് എന്നീ വിഷയങ്ങൾ പഠനമാക്കി ക്രമമായി ക്ലാസ്സുകൾ ക്രമീകരിച്ചവരേയും പങ്കെടുക്കുന്നവരേയും അഭിനന്ദിക്കുന്നു. തുടർക്രമീകരണങ്ങളിലും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ശ്രമിക്കണം.



**ഏബ്രഹാം മാമ്മൻ**
**(ഭദ്രാസന വികസന സംഘം സെക്രട്ടറി)**

**ഭൂ**മിയെന്ന ക്യാൻവാസിൽ ദൈവം രചിച്ച അതിമനോഹരമായ വർണ്ണ ചിത്രമാണ് പ്രകൃതി. സൂര്യനെ കണികാണാൻ കഴിയാതെ ഇരുണ്ടും തണുത്ത് ഉറഞ്ഞും കഴിയുന്ന ധ്രുവപ്രദേശങ്ങളും ചുട്ടുപൊള്ളുന്ന മരുപുറങ്ങളും നിത്യഹരിതവനങ്ങളും അശാന്തമായി അലയടിക്കുന്ന സമുദ്രവും ഇവയിൽ ഉൾക്കൊള്ളുന്ന വിവിധ ജീവജാലങ്ങളും സന്തുലിതമായി കോർത്തിണക്കി അതിശയകരവും മനോഹരവുമായി ദൈവം ഭൂമിയെ സൃഷ്ടിച്ചു. സകല ജീവജാലങ്ങൾക്കും ജീവിക്കുന്നതിനും വളരുന്നതിനും സന്തോഷിക്കുന്നതിനുമുള്ള എല്ലാ വിഭവങ്ങളും ദൈവം പ്രകൃതിയിൽ ഒരുക്കിയിട്ടുണ്ട്. മനുഷ്യൻ ഒഴികെയുള്ള എല്ലാ ജീവജാലങ്ങളും പ്രകൃതിയെ ധ്യാനിച്ച് അവ ഉപയോഗിക്കുന്നു. എന്നാൽ മനുഷ്യൻ തന്റെ സ്വാർത്ഥതാല്പര്യങ്ങൾക്കായി പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നു. അതുമൂലം പ്രകൃതിയും മനുഷ്യനും മറ്റു ജീവജാലങ്ങളും അടങ്ങുന്ന മഹാശൃംഖലയുടെ കണ്ണികൾ അഴിഞ്ഞഴിഞ്ഞ് വൻവിപത്തിലേക്ക് പോകുന്ന നേർസാക്ഷ്യങ്ങളിലൂടെയാണ് നാം ഇന്ന് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

നമ്മുടെ ഭൂമി അത്യാഹിത വിഭാഗത്തിൽ അത്യാസന്നനിലയിൽ ആക്കപ്പെട്ട രോഗണിയായി മാറിയിരിക്കുന്നു. ജീവന്റെ സമൃദ്ധിക്ക് ആവശ്യമായ പച്ചയായ പുൽപ്പുറങ്ങളും സ്വസ്ഥതയുള്ള വെള്ളവും ജീവനെ തണുപ്പിക്കുന്ന പ്രാണവായുവും അന്യമാകുകയാണ്. അന്തരീക്ഷത്തിലെ താപനില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിന് കാരണമായ കാർബൺഡയോക്സൈഡിന്റെ അളവ് അന്തരീക്ഷത്തിൽ ദശലക്ഷത്തിൽ 450 എന്ന അപകട അതിർവരമ്പിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു. ശുദ്ധജലത്തിന്റെ അളവ് 2.5% താഴേക്ക് പോകുന്നു. 3000 ദശലക്ഷം ഏക്കർ കൃഷിഭൂമി ഉപയോഗശൂന്യമായിരിക്കുന്നു. നിത്യഹരിത വനങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. 2025-ൽ എത്തുമ്പോഴുണ്ടായേക്കാവുന്ന 800 കോടി ജനങ്ങൾക്ക് ആവശ്യത്തിന് അന്നം നൽകാൻ കൃഷിഭൂമി ഇല്ലാതെയാകും. ഈ നില തുടർന്നാൽ അടുത്ത

**ഇന്ന് മനുഷ്യൻ അത്യാഗ്രഹങ്ങളെ ആവശ്യങ്ങളാക്കി മാറ്റുവാൻ പരിശീലിക്കുന്ന ഒരു സംസ്കാരത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു**



50 വർഷത്തിനപ്പുറം ഒറ്റ ജീവജാലങ്ങളും ഈ ഭൂമുഖത്ത് ഉണ്ടായിരിക്കുകയില്ല. നേരെ മറിച്ച് മനുഷ്യൻ മാത്രം ഇല്ലാതെയായാൽ അടുത്ത 50 വർഷത്തിനുള്ളിൽ ഭൂമി സമ്പൽസമൃദ്ധമാകും.

ഇതിന്റെ മൂലകാരണങ്ങളിലേക്ക് നാം ഇറങ്ങിച്ചെന്നാൽ പ്രതിസ്ഥാനത്ത് തെളിയുന്നത് മനുഷ്യന്റെ മുഖം തന്നെയായിരിക്കും. ഇത്തരുണത്തിൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. "എല്ലാവരുടെയും ആവശ്യങ്ങൾക്കുള്ള വിഭവങ്ങൾ ഈ ഭൂമിയിൽ ഉണ്ട്. പക്ഷെ, ആരുടെയും അത്യാഗ്രഹത്തിനുവേണ്ട വിഭവങ്ങൾ ഈ ഭൂമിയിൽ ഇല്ല." ഇന്ന് മനുഷ്യൻ അത്യാഗ്രഹങ്ങളെ ആവശ്യങ്ങളാക്കി മാറ്റുവാൻ പരിശീലിക്കുന്ന ഒരു സംസ്കാരത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.

ഭൂമിയെ ഈ അവസ്ഥയിലേക്ക് നയിച്ചത് മൂന്ന് പ്രധാനപ്പെട്ട കാരണങ്ങളാണ്.

**1. ഭൂമിയുടെമേൽ മനുഷ്യന്റെ ഹൃദയശൂന്യമായ കടന്നുകയറ്റം**

പ്രകൃതിയുടെ സംരക്ഷകരാകുവാനുള്ള ആനുകൂല്യം മാത്രം നൽകപ്പെട്ടിട്ടുള്ള മനുഷ്യൻ സകലവും തന്റെ കാൽക്കീഴെയാണെന്ന തെറ്റായ ധാരണമൂലം സ്വകാര്യലാഭത്തിനുവേണ്ടി പ്രകൃതിവിഭങ്ങളെ അമിതമായി ചൂഷണം ചെയ്ത് ജീവന്റെ നിലനിൽപ്പ് അപകടത്തിലാക്കിയിരിക്കുന്നു.

**2. വികലമായ വികസന ചിന്തകൾ**

പ്രകൃതിയുമായുള്ള ബന്ധത്തിൽ അല്ലാതെ സുസ്ഥിരവികസനം സാധ്യമല്ല എന്ന തിരിച്ചറിവ് ഉണ്ടായിരിക്കെ ഒരിക്കലും എത്തിപ്പിടിക്കാനാവാത്ത വികസനങ്ങളെ മാതൃകകളാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് മാരകമായ പരുക്ക് ഏൽപ്പിക്കുന്നു. നെല്ലും ഗോതമ്പും തെങ്ങും മാവും പ്ലാവും കാച്ചിലും ചേനയും കൃഷി ചെയ്തിരുന്ന കൃഷിഭൂമികൾ ഇന്ന് കോൺക്രീറ്റ്വനങ്ങളായി മാറിയിരിക്കുന്നു. ഉയർന്ന ഫ്ളാറ്റ് കെട്ടി കാറ്റിന്റെ ഗതിവേഗം മാറ്റിമറിക്കുന്ന സംസ്കാരത്തിലേക്ക് ദൈവത്തിന്റെ സ്വന്തം നാടായ കേരളം പോലും മാറ്റപ്പെട്ടു. സാധാരണക്കാർക്ക് വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കുന്നതിനുള്ള സമയംപോലും നൽകാതെ വികസനങ്ങൾ അതിവേഗം നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നു. തൽഫലമായി സമൂഹം രണ്ട് തട്ടിലേക്ക് മാറ്റപ്പെടുന്നു. ഈ വികസന നയങ്ങളുടെ ഗുണഭോക്താക്കൾ മിക്കപ്പോഴും സമൂഹത്തിലെ ഉന്നതന്മാരും കോർപ്പറേറ്റ് ലോബികളും മാത്രമാണ്.

**3. പ്രകൃതിക്ക് ഇണങ്ങാത്ത ജീവിതശൈലി**

മനുഷ്യന്റെ പരിസ്ഥിതി സൗഹാർദ്ദമല്ലാത്ത ജീവിതശൈലിമൂലം പ്രകൃതിയിലിണങ്ങാത്ത, ലയിക്കാത്ത പ്ലാസ്റ്റിക്, ഇലക്ട്രോണിക് തുടങ്ങിയ വസ്തുക്കളുടെ ഒരു വൻ മാലിന്യക്കൂമ്പാരം നാം സൃഷ്ടിച്ചുകഴിഞ്ഞു. ഇത് ഭൂമിയുടെ ആവാസവ്യവസ്ഥയെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ബ്രഹ്മപുരം പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റിൽ ഉണ്ടായ തീപിടുത്തം കൊച്ചിയെ ശ്വാസം മുട്ടിച്ചത് നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ച് ഷോപ്പിംഗിനും മറ്റും തുണിസഞ്ചികളിലേക്ക് മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കാലാവസ്ഥ വ്യതിയാനവും ജീവന്റെ അവസാന നാമ്പിനെപ്പോലും ഉരുക്കിക്കളയുന്ന അതികഠിനമായ ചൂടും മനുഷ്യന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രകൃതി നൽകുന്ന മറുപടിയാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

**പരിസ്ഥിതി പ്രശ്നങ്ങൾക്കുള്ള പരിഹാരം**

ദുരന്തമുഖങ്ങളിൽ എത്തുമ്പോൾ മാത്രം നാം ചിന്തിക്കുകയും വിലപിക്കുകയും ചെയ്യുന്ന പദമായി മാത്രം 'പരിസ്ഥിതി' മാറിയിരിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ മനുഷ്യന്റെ ബുദ്ധിക്ക് അസാധ്യമാണ്. പ്രകൃതിയിൽ നടക്കുന്ന പല കാര്യങ്ങളും മനുഷ്യന്റെ ബുദ്ധിക്കും ചിന്തക്കും അതീതമാണ്. ആത്മീയ പ്രതലത്തിൽ നിന്നുകൊണ്ട് പ്രകൃതിയെ വീക്ഷിച്ചെങ്കിൽ മാത്രമേ പരിസ്ഥിതിപ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരം കണ്ടെത്തുവാൻ സാധിക്കയുള്ളൂ. പാടം നികത്തുന്നതും മണൽ വാരി പുഴ നശിപ്പിക്കുന്നതും വന നശീകരണവും മാലിന്യങ്ങൾ കൂമ്പാരം കൂട്ടുന്നതും കുന്നിടിക്കലും പോലുള്ള ഭൗതികനാശങ്ങൾ ധാർമ്മികവും ആദ്ധ്യാത്മീകവുമായ ഒരു നാശത്തിന്റെ പ്രതിഫലനം മാത്രമാണെന്ന് നാം തിരിച്ചറിയണം. ഭൗതീകമായ സങ്കൽപ്പങ്ങളുടെ ആത്മീയ വേരുകൾ തേടിയുള്ള യാത്രയായി നമ്മുടെ ജീവിതം മാറുമ്പോൾ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാൻ കഴിയും. നമ്മെ മെനഞ്ഞിരിക്കുന്ന മണ്ണ് നമ്മുടെ മജ്ജയും മാംസവുമാണെന്നും ഭൂമിയിൽ ഒഴുകുന്ന ജലം നമ്മുടെ ശരീരത്തിലെ ജലപ്രവാഹമാണെന്നും പുറത്തുവീശുന്ന കാറ്റ് നമ്മുടെ പ്രാണവായുവാണെന്നുമുള്ള തിരിച്ചറിവ് ഉണ്ടെങ്കിൽ മാത്രമേ ഈ പ്രകൃതിയെ നമുക്ക് സംരക്ഷിക്കാനാവൂ. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാഥമിക പാഠങ്ങൾ അറിവിനേക്കാൾ ബോദ്ധ്യങ്ങളായി വിദ്യാഭ്യാസ പ്രക്രിയയിലൂടെ സമൂഹത്തിന് നൽകണം. നമുക്ക് നമ്മുടെ പൂർവ്വികർ ദാനം തന്നതല്ല ഈ ഭൂമി. മറിച്ച്, നമ്മുടെ ഇളം തലമുറയിൽനിന്ന് കടംവാങ്ങിയതാണ് എന്ന ബോദ്ധ്യത്തോടെവേണം നാം ഇവിടെ ജീവിക്കുവാൻ. സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസനം ഭൂമി അവന്റെ പാദപീഠം. ആ പാദപീഠത്തെ പരിമള തൈലം പൂശി നമുക്ക് പരിപാലിക്കാം. പച്ചയായ പുൽപ്പുറങ്ങളുള്ള ഒരു നല്ല നാളേയ്ക്കായി നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം. □



# പ്രകൃതി വിശ്വാസം ജീവിതശൈലി



റവ. പി.ജെ. വർഗ്ഗീസ്
(ഭദ്രാസന വികസന സംഘം
വൈസ് പ്രസിഡന്റ്)

**പ്രകൃതിവിഭവങ്ങളുടെ കാര്യത്തിൽ ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടവരാണ് നാമെന്ന തിരിച്ചറിവാണ് ദൈവദാനമായി ലഭിച്ച ജീവൻ നിലനിർത്താനുള്ള കരണീയ മാർഗ്ഗം**

മുകളിൽ സൂചിപ്പിച്ച വാക്കുകൾക്ക് നമ്മുടെ ജീവിതവുമായി ഗൗരവമായ ബന്ധമുണ്ടോ? അവയ്ക്ക് പരസ്പരം ബന്ധമുണ്ടോ? എങ്കിൽ നമ്മെ സ്വാധീനിക്കേണ്ട ജീവിതവീക്ഷണം എന്തായിരിക്കണം. ഇവയാണ് ഈ കുറിപ്പ് ലക്ഷ്യമിടുന്നത്.

**പ്രകൃതി**

ദൈവസൃഷ്ടിയാണ് നാം അധിവസിക്കുന്ന പ്രപഞ്ചവും അതിലുള്ള സകലവും എന്നത് വേദപുസ്തക സത്യവും നമ്മുടെ വിശ്വാസാടിത്തറയുമാണ്. ഒരു കാലത്ത് സൃഷ്ടിയുടെ മകുടവും മഹത്വവുമാണ് മനുഷ്യനെന്നൊക്കെ കൽപ്പിച്ചിരുന്നു. ഇന്ന് അതൊക്കെ മാറി സൃഷ്ടിയിലെ ഓരോ കണികയും പുൽക്കൊടിപോലും പ്രാധാന്യമുള്ളതാണ് എന്ന നില കൈവന്നിരിക്കുന്നു. പ്രകൃതിയും ജന്തു-സസ്യ കുലങ്ങളും പരസ്പരം ബന്ധപ്പെട്ടും സഹവർത്തിത്തത്തിലുമാണ് ജീവൻ എന്ന ദൈവദാനം നിലനിർത്തിപ്പോരുന്നത്. വ്യാവസായിക വിപ്ലവത്തോട് കൂടി പ്രകൃതിയോടും അതിലെ വിഭവങ്ങളോടുമുള്ള സമീപനം പാടേ മാറി. എത്രയും വിഭവങ്ങളെ എത്ര വേഗത്തിൽ ചൂഷണം ചെയ്യാം എന്ന ചിന്തയ്ക്ക് മേൽക്കൈവന്നു. കൂടുതൽ ലാഭം, കൂടുതൽ വിപണനം, അതിനായുള്ള ഉൽപ്പാദനം എന്ന മുതലാളിത്ത ലോകവീക്ഷണം കൂടുതൽ സ്വീകാര്യമായതോടെ പുതിയൊരു തിരിച്ചറിവ് കൈവന്നു. ഈ നിലയിലെ ഉപയോഗം തുടർന്നാൽ, ഭൂമിയുടെ മേൽമണ്ണ്, ശുദ്ധജലം, പ്രാണവായു, ധാതുനിക്ഷേപം, എണ്ണ ഇവയെല്ലാം തീർന്നുപോകാൻ അധികം നാൾ വേണ്ടിവരില്ല എന്നത്. കാലാവസ്ഥാ വ്യതിയാനം, അന്തരീക്ഷ താപവർദ്ധന ഇവയൊക്കെയായി പ്രകൃതി ഈ മുന്നറിയിപ്പ് കൂടുതൽ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. എന്റെ പണം കൊണ്ട് എനിക്കിഷ്ടമുള്ളത് ഞാൻ വാങ്ങുന്നു, ഉപയോഗിക്കുന്നു എന്ന സാമാന്യയുക്തിയും സത്യവും അംഗീകരിക്കുമ്പോൾതന്നെ വിസ്മരിക്കുവാൻ പാടില്ലാത്തതായി ഒന്നുണ്ട്. നാം എന്ത് ഉപയോഗിച്ചാലും അതെല്ലാം ആത്യന്തീകമായി ദൈവസൃഷ്ടിയായ പ്രകൃതിയുടെയും ഭൂമിയുടെയും വിഭവമാണെന്നത് മറന്നുകൂടാ. അത് ഇന്ധനമാണെങ്കിലും ഭക്ഷണമാണെങ്കിലും കെട്ടിട നിർമ്മാണ വസ്തുക്കളാണെങ്കിലും ആരുടെയും സ്വകാര്യസ്വത്തല്ല. ഇതോടൊപ്പം മറ്റൊരു യാഥാർത്ഥ്യം കൂടി അംഗീകരിക്കപ്പെടേണ്ടതുണ്ട്. ഒരു പ്രകൃതിവിഭവവും പുതുതായി സൃഷ്ടിക്കപ്പെടുന്നില്ല. ദൈവം സൃഷ്ടിച്ച് നിക്ഷേപിച്ചിരിക്കുന്നതിൽ നിന്നും നാം എടുത്ത് ഉപയോഗിച്ചുവരുന്നു എന്നു മാത്രം. സൂക്ഷ്മവും തുടർന്നുകൊണ്ടിരിക്കുന്നതുമായ ജൈവബന്ധത്തിലൂടെയാണ് പല നിലയിൽ ജീവൻ നിലനിന്നുപോരുന്നത്. നമുക്കാവശ്യമുള്ളതെല്ലാം വാരിക്കോരി എടുക്കാനും ഉപയോഗക്ഷമമല്ലാതാക്കിയതിനെ വലിച്ചെറിയാനുമുള്ളതല്ല പ്രകൃതിയും ചുറ്റുപാടുകളും. പ്രകൃതിയുടെ സ്വാഭാവിക താളക്രമങ്ങൾ തകിടം മറിയു

ന്നു. പ്രകൃതിവിഭവങ്ങൾ തീർന്നുകൊണ്ടേയിരിക്കുന്നു. ഈ നിലയിലെ വിഭവ ഉപയോഗം തുടർന്നാൽ വരുംതലമുറയ്ക്കുവേണ്ടി മിച്ചംവെക്കാനുണ്ടാവില്ല എന്നതിനെക്കാൾ ഇന്നുള്ളവർക്കും ഉണ്ടാവില്ല. ഈ പ്രതിസന്ധിയാണ് വിശ്വാസബന്ധിതമായ പാരിസ്ഥിക കാഴ്ചപ്പാടിനെ അനിവാര്യമാക്കുന്നത്.

**വിശ്വാസം**

യേശു ലോകരക്ഷകനാണെന്നും, പിതാവാം ദൈവത്തെ പുത്രനിലൂടെയാണ് നാം മനസ്സിലാക്കുന്നതെന്നും പുത്രൻ മഹിമയോടെ വീണ്ടും വരും എന്നു തുടങ്ങിയുള്ള വിശ്വാസ പ്രമാണങ്ങളെല്ലാം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം നമ്മുടെ വിശ്വാസാടിസ്ഥാനങ്ങളാണ്. ഇവയ്ക്കൊപ്പം ദൈവദാനമായ ജീവന്റെ നിലനിൽപ്പു തന്നെ അപകടത്തിലായിരിക്കുന്നു. ഇന്ന് ചില വിശ്വാസ സത്യങ്ങൾകൂടി നമ്മുടെ ജീവിത പ്രമാണങ്ങളോട് കൂട്ടിച്ചേർക്കേണ്ടിയിരിക്കുന്നു. ഈ പ്രപഞ്ചവും അതിലെ സമസ്ഥവും ഒരിക്കലായി മാത്രം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്നും സൃഷ്ടിപ്പ് ദൈവീക പദ്ധതിയായി ഇനിയൊരിക്കലും ആവർത്തിക്കപ്പെടുന്നില്ല എന്നതും തിരിച്ചറിയപ്പെടണം. പ്രകൃതിയിൽ ഒരു വിഭവവും (natures resources) പുതുതായി സൃഷ്ടിക്കപ്പെടുന്നില്ല. മനുഷ്യനോ ശാസ്ത്രത്തിനോ ഒരളവിലും ആയത് സാദ്ധ്യവുമല്ല. ആകെക്കൂടി സംഭവിക്കുന്നത് ഒരു വിഭവത്തെയോ (resource) ഊർജ്ജത്തെയോ (energy) മറ്റൊന്നായി രൂപാന്തരപ്പെടുത്താൻ മാത്രമാണ് കഴിയുന്നത്. ഊഷരമാകുന്ന മേൽമണ്ണ് ഉച്ചരമാകാൻ ആയിരക്കണക്കിന് വർഷമെടുക്കും. വൈദ്യുതി എന്ന ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് സൗരോർജ്ജമോ, ഇന്ധതാപമോ, ജലപതനമോ കൂടിയേ തീരൂ. പ്രപഞ്ചവിഭവങ്ങളുടെ സൃഷ്ടിപ്പ് ഒരിക്കൽമാത്രം നടന്നതാകയാൽ അവയുടെ സ്വാഭാവിക രൂപപരിണാമം സാധ്യമാക്കുന്ന വിവേകപൂർണ്ണമായ ഉപയോഗത്തിനായി നമ്മെ ലോകത്തിലാക്കിവെച്ചിരിക്കുന്നു. ഏദനിലെ സകലത്തേയും അടക്കിവാഴാനുള്ള (ഉൽപ്പത്തി 1:28) അനുഗ്രഹത്തെ ഇന്ന് ഉത്തരവാദിത്തമുള്ള കാര്യവിചാരകത്വമായാണ് (responsible stewardship) വ്യാഖ്യാനിച്ച് മനസ്സിലാക്കേണ്ടത്. ആയത് നമ്മുടെ അടിസ്ഥാന വിശ്വാസത്തോട് കൂട്ടിച്ചേർക്കപ്പെടണം. പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ മാത്രമല്ല വിഭവസംരക്ഷണത്തേക്കുറിച്ച് ചിന്തിക്കേണ്ടത്. പ്രകൃതിക്കുമേൽ വൻ ആഘാതം സൃഷ്ടിക്കുന്ന മലയിടിച്ചു നിരത്തുമ്പോഴും വെള്ളക്കെട്ടുകളിൽ മണ്ണ് നിക്ഷേപിച്ച് നിർമ്മാണം നടത്തുമ്പോഴും കൂടി പ്രകൃതിയുടെ സംരക്ഷണം ദൈവനിയോഗമാണെന്നത് അംഗീകരിക്കപ്പെടണം. പ്രകൃതിവിഭവങ്ങളുടെ കാര്യത്തിൽ ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടവരാണ് നാമെന്ന തിരിച്ചറിവാണ് ദൈവദാനമായി ലഭിച്ച ജീവൻ നിലനിർത്താനുള്ള കരണീയ മാർഗ്ഗം. അങ്ങനെയാകുമ്പോൾ അവയൊക്കെ അടിസ്ഥാനമായുള്ള ഒരു ജീവിത ശൈലി രൂപപ്പെടുത്തേണ്ടതില്ലേ?

**ജീവിതശൈലി**

ഈ കുറിപ്പിന്റെ ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ പ്രകൃതിയും നാം മുറുകെപ്പിടിക്കുന്ന വിശ്വാസവും പരസ്പരം വേർപെടുത്താനാവാത്തവിധം ഉൾച്ചേർന്നിരിക്കുന്നതാണ്. അതുകൊണ്ടുതന്നെ ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തിൽ ദൈവദാനമായ വിഭവങ്ങൾ ആഹരിച്ച് ദൈവസാദൃശ്യവും സ്വരൂപവും വെളിപ്പെടുത്തേണ്ട നമുക്ക് ജീവനെ സംരക്ഷിക്കുന്ന ജീവിതശൈലിയും സ്വന്തമാവണം. ഇവിടെ വികസനം സംബന്ധിച്ച കാഴ്ചപ്പാടും വിശദമാക്കപ്പെടണം. പൊതുവേ വികസനം എന്നതുകൊണ്ട് നാം മനസ്സിലാക്കിയിരിക്കുന്നത് കൂടുതൽ ഉണ്ടായിരിക്കുന്നതും കൂടുതൽ ഉപയോഗിക്കുന്നതുമായ അവസ്ഥയാണ്. തീർത്തും അപകടം നിറഞ്ഞ കാഴ്ചപ്പാടാണിത് എന്നതാണ് സത്യം. വേനൽ ശക്തിപ്രാപിക്കുകയാണല്ലോ. ചൂട് കറയ്ക്കാൻ എ.സി.യാണല്ലോ പ്രതിവിധിയായി മനസ്സിലാക്കിയിരിക്കുന്നത്. എല്ലാ വീടുകളിലും എ.സി.യുണ്ടായിരിക്കുന്ന അവസ്ഥ ആലോചിക്കുക. ഓരോ എ.സി.യും പുറന്തള്ളുന്ന ചൂട് ആർക്കും തണുപ്പിക്കാനാവാതെ വരുമ്പോൾ എ.സി. ചൂടിനുള്ള താൽക്കാലിക പ്രതിവിധി മാത്രമാവുന്നു. ആത്യന്തികമായ വിലയിരുത്തലിൽ ചൂട് എന്ന അവസ്ഥ നിലനിൽക്കുകയല്ല ഗുരുതരമാവുകയാണ് ചെയ്യുന്നത്. ഇനി കാറുകളുടെ കാര്യമെടുക്കാം. എല്ലാവർക്കും കാറുണ്ടായിരിക്കുന്ന അവസ്ഥ ആലോചിക്കുക. ഇപ്പോൾതന്നെ ഗതാഗതക്കുരുക്ക് ശ്വാസം മുട്ടിക്കുമ്പോൾ എല്ലാവർക്കും കാറുണ്ടായിരിക്കുന്നതല്ല വികസനം എന്നത് തിരിച്ചറിയപ്പെടണം. വികസനം ലക്കും ലഗാനുമില്ലാതെ എന്തെങ്കിലും വാങ്ങിക്കൂട്ടുന്നതോ പണിതുണ്ടാക്കുന്നതോ അല്ല എന്നതാണ് യാഥാർത്ഥ്യം. സുസ്ഥിരവും നിലനിൽക്കുന്നതുമാവണം വികസനം. അവിടെയാണ് ജീവിതശൈലി നമുക്ക് തുണയാവുന്നത്. പ്രകൃതിയോട് ഇണങ്ങിയുള്ള നിർമ്മാണരീതികൾ, കൃഷിരീതികൾ, ഭക്ഷണക്രമം, ചികിത്സാ ക്രമം എന്നുതുടങ്ങി നമ്മുടെ മുൻപിലുള്ളത് അനവധിയായ മാർഗ്ഗങ്ങളാണ്. ബദലുകൾ (alternatives) എന്ന സംജ്ഞയാണ് ഇവയെല്ലാം ചേർത്ത് പൊതുവേ വിവക്ഷിക്കുന്നത്. വികസനം വഴിമുട്ടി നിൽക്കുമ്പോൾ, അത് ജീവനെ നിലനിർത്താനല്ല മരണത്തിലേക്കാണ് നയിക്കുന്നതെന്ന് തിരിച്ചറിയുമ്പോൾ ജീവനെ നിലനിർത്തുന്ന പ്രപഞ്ചത്തെ കാത്തുപാലിക്കാനുതകുന്ന, വിശ്വാസവും ജീവിതശൈലിയും നമുക്ക് സ്വന്തമാക്കാം.

***ഉണ്ണാനും ഉടുക്കാനുമുണ്ടെങ്കിലും മതി എന്നു വെയ്ക്കുക.***
***ഉപയോഗം ധാരാളിത്തവും ധൂർത്തുമല്ല എന്ന് ഉറപ്പാക്കാം.***
***വലിച്ചെറിയാനുള്ളതല്ല പ്രകൃതി, സംരക്ഷിക്കാനും സൂക്ഷ്മതയോടെ കാത്തുപാലിക്കാനുമുള്ളതാണ്.***
***സൃഷ്ടിപ്പ് ഒരിക്കൽ മാത്രം.***
***പ്രകൃതിയുടെ ഉപയോഗത്തിന് ദൈവത്തോട് കണക്കുപറയേണ്ടവരാണ് നാം.***


# ജന്മദിനാശംസകൾ



ഡോ. പീലിപ്പോസ് മാർ ക്രിസോസ്റ്റം
വലിയ മെത്രാപ്പോലീത്താ
**ഏപ്രിൽ 27**



ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ
**ജൂൺ 27**



ഡോ. തോമസ് മാർ തീത്തൂസ്
എപ്പിസ്കോപ്പാ
**മെയ് 10**

## ഭദ്രാസന ക്ലർജി ധ്യാനം



## ഭദ്രാസന കുടുംബസംഗമം



## 2019 അടൂർ ഭദ്രാസന കൺവൻഷൻ ദൃശ്യങ്ങൾ





ഇടത്തറ കൺവൻഷൻ




കല്ലട കൺവൻഷൻ

കൺവൻഷൻ 2019



കലയപുരം കൺവൻഷൻ





ഭദ്രാസന വികസനസംഘം ആരംഭിച്ച കരുതൽ പദ്ധതിയുടെ ഉദ്ഘാടനം





ഭദ്രാസനതലത്തിൽ നടത്തപ്പെട്ട ബെയർഫുട്ട് കൗൺസിലിംഗ് പ്രോഗ്രാം




അഭിവന്ദ്യ ഏബ്രഹാം മാർ പൗലോസ് തിരുമേനി എൻഡോസൾഫാൻ ദുരിതബാധിതർക്കൊപ്പം



വയല ശാലേം മാർത്തോമ്മാ ഇടവകയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട നേത്രക്യാമ്പിൽ പങ്കെടുത്തവർ



അയണിവേലിക്കുളങ്ങ മാർത്തോമ്മാ ഇടവകയുടെ സുവനീർ പ്രകാശനം



ജൂബിലിയുടെ നിറവിൽ തുരുത്തിക്കര മാർത്തോമ്മാ സ്കൂൾ



അടൂർ ഇമ്മാനുവേൽ ഇടവക
സേവികാസംഘം റിട്രീറ്റ്




ഭദ്രാസനതല മണ്ഡലം സ്റ്റഡി പ്രോഗ്രാം

## ആത്മായ പരിശീലന കളരി



പത്തനാപുരം സെന്റർ



ഭദ്രാസനം പ്രസിദ്ധീകരിച്ച നോമ്പിന്റെ ധ്യാനം പുസ്തകത്തിന്റെ
പ്രകാശനകർമ്മം



കല്ലുങ്കോട് സെന്റർ



തേവലക്കര സെന്റർ



അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ നടത്തപ്പെട്ട ആദ്യകുർബ്ബാനയിൽ പങ്കെടുത്തവർ

## അഭിനന്ദനങ്ങൾ




ഏനാത്ത് ഗ്രാമപഞ്ചായത്ത്
വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട
വയല ശാലേം ഇടവകാംഗമായ
ശ്രീമതി. ഷൈല റെജി



ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നും
ഡോക്ടർ ഓഫ് മിനിസ്ട്രിക്ക് അർഹനായ
കൊട്ടാരക്കര ശാലേം മാർത്തോമ്മാ ഇടവകാംഗവും
ദാർ മാർത്തോമ്മാ ഇടവക വികാരിയുമായ
റവ.ഡോ. ഐസക് വർഗ്ഗീസ്

**റോ**മാ പൗരത്വം ജന്മനാ ലഭിച്ചവനും, ന്യായപ്രമാണപണ്ഡിതനും, വിദ്യാസമ്പന്നനും, ഗമാലിയേലിന്റെ പാദപീഠത്തിൽ ഇരുന്ന് വൈദഗ്ദ്യം പ്രാപിച്ചവനും ആയ ശൗൽ എന്ന വ്യക്തിയുടെ ജീവിതത്തിന്റെ ക്രിസ്താനുഭാവമാണ് ചിന്തയ്ക്കാധാരമായ തലക്കെട്ട്.

കർത്താവിന്റെ ശിഷ്യന്മാരുടെ നേരെ ഭീഷണിയും കൊലയും നിശ്വസിച്ചുകൊണ്ട്, ഈവക ആളുകളെ നശിപ്പിക്കണമെന്നുള്ള ലക്ഷ്യത്തോടെ മഹാപുരോഹിതന്റെ കയ്യിൽനിന്നും അധികാരപത്രവും വാങ്ങി ദമസ്കോസിലേക്ക് കുതിക്കുന്ന ശൗൽ പെട്ടെന്ന് ആകാശത്തുനിന്ന് ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി, അവൻ നിലത്തുവീണു. കണ്ണ് കാണാതായി. 'ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്? എന്ന് തന്നോട് പറയുന്ന ഒരു ശബ്ദം അവൻ കേട്ടു. നീ ആരാകുന്നു കർത്താവേ എന്ന് ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ' എന്ന് കർത്താവ് മറുപടി. ഈ ശൗൽ 3 ദിവസം കണ്ണ് കാണാത്തവനായി, ആഹാരം പോലും കഴിക്കാതെ ദമസ്കോസിൽ പാർത്തു. തുടർന്നുളവായ കാഴ്ചയും ഉൾക്കാഴ്ചയും ക്രിസ്തു തന്റെ ജീവിതത്തിന്റെ ഭാഗമായി മാറുന്നു. ഈ യേശു കർത്താവ് നമുക്ക് ആരായിരിക്കണം.



**തോമസ് വർഗ്ഗീസ്**
**കായംകുളം ശാലേം**

**1. യേശു ലോകത്തിന്റെ വെളിച്ചം (യോഹ. 8:12)**

എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവർ ആയിത്തീരും. മനുഷ്യന്റെ ഇരുളടഞ്ഞ ജീവിതത്തെ പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണ് നമ്മുടെ കർത്താവ്. ഇരുളിൽ നടക്കുന്നവൻ പാപത്തിൽ നടക്കുന്നു. വ്യഭിചാരത്തിൽ പിടിച്ച ഒരു സ്ത്രീയെ പരീശന്മാർ യേശുവിന്റെ അരികെ നിർത്തി. ഇവളെ കല്ലെറിഞ്ഞ് കൊല്ലേണം എന്ന് പറഞ്ഞു. പാപാന്ധകാരത്തിൽ കിടക്കുന്ന പരീശന്മാർ യേശുവിന്റെ അരികെ നിർത്തി. ഇവളെ കല്ലെറിഞ്ഞ് കൊല്ലേണം എന്ന് പറഞ്ഞപ്പോൾ ദിവ്യവെളിച്ചമായ ക്രിസ്തു പാപമില്ലാത്തവൻ



# നീ ആരാകുന്നു കർത്താവേ?

ഇവളെ ഒന്നാമത് കല്ലെറിയട്ടെ എന്ന് പറഞ്ഞു. പരീശന്മാർ ഓരോരുത്തരായി അവിടം വിട്ടു. യേശു ലോകത്തിന്റെ വെളിച്ചമാകുന്നു. ആ വെളിച്ചം നമ്മിലൂടെ ശോഭിക്കണം.

**2. ദൈവത്തിന്റെ കുഞ്ഞാട് (യോഹ. 1:29)**

ഇതാ ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. പുറപ്പാട് 12-ൽ യിസ്രായേലിന്റെ വിടുതലിനായി ഊനമില്ലാത്ത ഒരു കുഞ്ഞാടിനെ അറുത്ത് അതിന്റെ രക്തം തങ്ങളുടെ വീടുകളുടെ കട്ടിളക്കാലിലും കുറുമ്പടിമേലും പുരട്ടി. സംഹാരദൂതൻ ആ ഭവനങ്ങളെ വിട്ട് കടന്നുപോയി. അവർ വിടുവിക്കപ്പെട്ടു. ഉല്പത്തി 22:10 -ൽ അബ്രഹാം യിസഹാക്കിന് പകരം ഒരു ആട്ടിൻകൊറ്റനേ യാഗം കഴിച്ച് യിസഹാക്കിനേ വിടുവിച്ചു. മാനവരാശിയുടെ പാപത്തിന്റെ പരിഹാരത്തിനായി ദൈവത്തിന്റെ കുഞ്ഞാട് കാൽവറി ക്രൂശിൽ യാഗമായിത്തീർന്നു. ഈ കുഞ്ഞാട് നമ്മെ വീണ്ടെടുക്കും.

**3. ഉടയവൻ (അപ്പോ. 27:23)**

ശതാധിപന്റെ വാക്ക് മാലുമി കേട്ടു. പൗലോസിന്റെ വാക്ക് കേട്ടില്ല. കാറ്റ് ആദ്യം മന്ദമായി ഊതി. പിന്നെ ഈശാനമൂലൻ ആഞ്ഞടിച്ചു. കപ്പൽ തകർന്നുപോകുമെന്ന ലക്ഷണത്തിൽ ആയി. പൗലോസ് ആ രാത്രിയിൽ വിശ്വാസത്തോടും ധൈര്യത്തോടും നിന്ന് പ്രഖ്യാപിച്ചു. കപ്പലിന ല്ലാതെ നിങ്ങളിൽ ഒരുത്തനുപോലും ജീവാപായം ഉണ്ടാകയില്ല. എന്റെ ഉടയവനും ഞാൻ സേവിച്ച് വരുന്നവനുമായ എന്റെ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽ നിന്ന് 'പൗലോസേ, ഭയപ്പെടരുത്. നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു. നിന്റെ കൂടെ യാത്ര ചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്ക് ദാനം ചെയ്തിരിക്കുന്നു" എന്ന് പറഞ്ഞു. ജീവിതത്തിൽ ലോകപ്രകാരം ജീവിക്കുമ്പോൾ എല്ലാം ഭംഗിയായി എന്ന് തോന്നും. ഈശാനുമൂലൻ ഉണ്ട് എന്നുള്ളത് കണക്കിലെടുത്ത് യേശുകർത്താവിനേ ഉടയവനായി സ്വീകരിച്ചുകൊണ്ട് ജീവിതാന്ത്യം വരെ മുന്നേറുന്നവാണ് യഥാർത്ഥ വിശ്വാസി.

**4. വീണ്ടെടുപ്പുകാരൻ - കൊലോ. 11:14**

അവനിൽ നമുക്ക് പാപമോചനം എന്ന വീണ്ടെടുപ്പ്. നമ്മെ വീണ്ടെടുക്കാൻ പാപത്തിന്റെയും ശാപത്തിന്റെയും ബന്ധനത്തിൽ നിന്ന് വീണ്ടെടുക്കുന്ന വീണ്ടെടുപ്പുകാരനാണ് യേശുക്രിസ്തു.

**5. ശക്തനാക്കുന്നവൻ - ഫിലിപ്പിയർ 4:13**

"എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു." പാട്ടുകാരൻ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. ബലഹീനനെന്ന് ഞാൻ കരുതിയ നാൾ, അന്നാളിൽ അവനെന്നോട് ചൊല്ലി, മനുഷ്യരാൽ അസാധ്യം സാധ്യമാക്കുന്നവൻ നിന്നോടുകൂടെയുണ്ട്. നമുക്ക് പലതും അസാദ്ധ്യമെന്ന് വിചാരിക്കുമ്പോഴും ദൈവത്തിന് സകലവും സാധ്യമാണ്.

**6. മണവാളൻ - 2 കൊരി. 11:2**

ക്രിസ്തു എന്ന ഏക പുരുഷന് നിർമ്മല കന്യകയായി വിവാഹനിശ്ചയം ചെയ്യപ്പെട്ടവരാണ് വിശ്വാസികൾ.

അപ്പോസ്തലനായ വി. പൗലോസിനേപ്പോലെ 'യേശു എന്റെ ഉടയവൻ, വീണ്ടെടുപ്പുകാരൻ ശക്തൻ, മണവാളൻ എന്ന് ധീരതയോട് പറവാനും, വിശ്വസിപ്പാനും നമുക്ക് സാധിക്കട്ടെ. ●

## കരുതൽ

ഭദ്രാസന പരിധിക്കുള്ളിൽ സഭ, മത വ്യത്യാസമില്ലാതെ അർഹരായ പെൺകുട്ടികളുടെ വിവാഹത്തിനു കൈത്താങ്ങായി തുടങ്ങിയ അത്യാവശ്യചെലവുകൾ സന്ധിക്കുന്ന നൂതനപദ്ധതി. സഹായം ആഗ്രഹിക്കുന്നവരും അർഹരെ സഹായവുമായി ബന്ധപ്പെടുത്താൻ താൽപര്യമുള്ളവരും പ്രാദേശിക ഇടവക വികാരിമാരിലൂടെ ഭദ്രാസന വികസന സമിതി സെക്രട്ടറിയുമായി ബന്ധപ്പെടുക. ഫോൺ: 9447096287

## ഹെർമ്മോൻ ആർദ്രത ഹെൽത്ത് കെയർ സ്കീം

**നമ്മുടെ ഭദ്രാസനത്തിന്റെ പരിധിയിലുള്ള നിർദ്ദനരായ രോഗികൾക്ക് അടിയന്തരഘട്ടങ്ങളിൽ വൈദ്യസഹായം നൽകുന്നതിലേക്ക് വലിയനോമ്പ് കാലയളവുകളിൽ ഭക്ഷണം വെടിഞ്ഞും ഭക്ഷണകാര്യങ്ങളിൽ മിതത്വം പാലിച്ചും ലഭിക്കുന്ന തുകയും വ്യക്തിഗത സംഭാവനകളും സമാഹരിച്ച് ഹെർമ്മോൻ ആർദ്രത ഹെൽത്ത് കെയർ സ്കീമിൽ ഏവർക്കും പങ്കാളിയാകാം. ആർദ്രതാ പെയിൻ & പാലിയേറ്റീവ് മിനിസ്ട്രി കൂടുതൽ അനുഗ്രഹമായി നടത്തുന്നതിന് ഇത് സഹായകമാകും.**



ജിഷോ കെ. ഡാനിയേൽ
താമരക്കുളം സെന്റ് തോമസ്



# രൂപാന്തരപ്പെടുവാൻ

**ജാ**തിയുടെ പേരിൽ, വർഗ്ഗത്തിന്റെ പേരിൽ, ലിംഗത്തിന്റെ പേരിൽ, രാജ്യത്തിന്റെ പേരിൽ അങ്ങനെ എത്രയോ കലഹങ്ങൾ ആണ് ദിനംപ്രതി സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. സ്വാർത്ഥതാല്പര്യങ്ങളുടെ പൂർത്തീകരണത്തിനായി മുന്നോട്ടുപോകുമ്പോൾ ജീവനോ ബന്ധങ്ങൾക്കോ ഇന്ന് യാതൊരു വിലയും കല്പിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ പൗലോസ് അപ്പോസ്തലൻ റോമർക്ക് എഴുതിയ ലേഖനത്തിലൂടെ ഇപ്രകാരം പ്രബോധിപ്പിക്കുന്നു.

“ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിഞ്ഞ് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ.”

അനേകരെ നല്ല വഴി പഠിപ്പിച്ചുകൊടുക്കുന്ന നമ്മൾ സ്വന്തം വഴി ശരിയാക്കേണ്ടിയിരിക്കുന്നു. അവൻ നന്നാവണം, അവൾ നന്നാവണം എന്നതിലുപരി സ്വയം മാറ്റത്തിന്റെ അനുഭവത്തിലൂടെ കടന്നുപോകുവാൻ നമുക്ക് സാധിക്കണം.

“അന്യന്റെ തെറ്റുകൾ കണ്ടെത്തിടുവാൻ തിടുക്കം
കൊട്ടിഘോഷിക്കുവാനോ ഏറെ തിടുക്കം
ഉള്ളിലേക്ക് ഒന്നു നോക്കുവാൻ സമയമില്ല
തെറ്റ് തിരുത്തീടാൻ സമയം തീരെയില്ല.”

“ഞാനാണ് മാറ്റം” എന്ന് ജോസഫ് അന്നംകുട്ടി ജോസിന്റെ വാക്കുകൾ കടമെടുക്കുന്നു. സ്വയം മാറണമെന്ന് തീരുമാനിച്ചാൽ കഴിയാവുന്ന പ്രശ്നങ്ങളെയുള്ളൂ ഈ ലോകത്തിൽ.

അതുകൊണ്ട് രൂപാന്തരപ്പെടുവാനുള്ള ഒരുക്കം, അത് നാം ആർജ്ജിക്കണം.

ദൈവവചനത്തിലൂടെ രൂപാന്തരപ്പെടുവാനാകുമോ? ജീവനും ശക്തിയുമായ ദൈവവചനത്തിൽ അധിഷ്ഠിതമായി ജീവിക്കാൻ ആരും ഒരുങ്ങുന്നില്ല.

ദൈവത്തിന് നമ്മെ രൂപാന്തപ്പെടുത്തുവാൻ വല്ലാത്ത ആഗ്രഹമാണ്. ആനേകം അനുഭവങ്ങളും ദൈവം നമുക്ക് പകർന്ന് നൽകീയിട്ടുണ്ടാകും.

മൂർച്ചയുള്ള കല്ലുകൾപോലെ കടുകട്ടിയായിരിക്കുന്ന ജീവിതത്തെ മിനുസമുള്ളതും വിലപിടിപ്പുമുള്ളതായ വെള്ളാരംകല്ലുകൾ ആക്കാൻ നമ്മെ പല വേദനയിലൂടെ കടത്തിവിടും. ഏത് പ്രതിസന്ധികളിലും തളരാതെ, പതറാതെ നിൽക്കുവാൻ കെൽപ്പുള്ളവനാക്കുന്ന ദൈവത്തിന്റെ വചനത്തിൽ വേരൂന്നി ജീവിക്കുവാൻ നമ്മെക്കുറിച്ച് ദൈവത്തിന് ആഗ്രഹമുണ്ട്.

പ്രതിസന്ധികളിൽ പ്രതീക്ഷയുടെ പുതിയ തീരം കാണിച്ചുനൽകുന്നവനാണ് ദൈവം. പ്രയാസങ്ങളേറിടും ജീവിതയാത്രയിൽ ഒറ്റയ്ക്കാണെന്ന് തോന്നുമ്പോൾ ഞാൻ നിന്നോടുകൂടെയുണ്ട് എന്ന് ദൈവത്തിന്റെ വചനം നമ്മെ ശക്തിപ്പെടുത്തുന്നു.

പാപത്തിൽ മുങ്ങിപ്പോയവരായ നമ്മെ കരകയറ്റുവാൻ സ്വയം രക്തം ചിന്തി ദൈവം സ്നേഹം കാട്ടിത്തന്നു. ദൈവവചനത്തിലൂടെ അനേകരെ രൂപാന്തരപ്പെടുത്തുവാൻ നമുക്ക് സാധിക്കുമോ? വീണുപോയവരുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ ആശ്വാസവചനം പകർന്നുനൽകുവാൻ നമുക്ക് സാധിക്കണം. നമ്മുടെ ജീവിതം കണ്ട് അനേകർക്ക് രൂപാന്തരപ്പെടുവാനുള്ള വഴി കാട്ടിക്കൊടുക്കണം.

വചനത്തിന്റെ വഴിയെ നടന്ന് ക്രിസ്തുവിലെ ത്താൻ ദൈവം സഹായിക്കും.

ഞാൻ ആരാണ്?

നമ്മോടുതന്നെ നമുക്ക് ചോദിക്കാം. ആരും കൂടെയില്ലാത്തപ്പോൾ, നമ്മൾ ചെയ്യുന്ന പ്രവർത്തികൾ വെളിവാക്കും നമ്മൾ ആരാണ് എന്നത്.

ക്രിസ്തുവിന്റെ ഭാവം വളരുന്നതിനുവേണ്ടി പ്രാർത്ഥിക്കാം. ഏലീശയെ കണ്ട് ശൂനേംകാരത്തി സ്ത്രീ പറഞ്ഞപോലെ ആ വഴി കടന്നുപോകുന്നവൻ ദൈവപുരുഷൻ ആണ് എന്ന് തോന്നത്തക്കവണ്ണം നമ്മുടെ വിശ്വാസം വർദ്ധിക്കട്ടെ. ●

ഹെർമ്മോൻ ദൂതൻ



പ്രസാദ് ലാസർ
അന്തിച്ചിറ സെന്റ് ജോൺസ്

കവിത



# കരുതൽ

മറക്കല്ലെ മക്കളെ നമ്മെ പുലർത്തിയ
കർത്തനെയൊരുനാളും മറന്നീടല്ലെ
കഷ്ടകാലത്തിലും നമ്മളെ കാത്തൊരു
രക്ഷകനെ നിങ്ങൾ മറന്നീടല്ലെ
അംബരചുംബികൾ കണ്ടുമയങ്ങല്ലേ
പൊയ്പ്പോയ കാലത്തെയോർത്തീടണെ
സൺഡേസ്കൂളിൽ പഠിച്ചൊരു പാഠങ്ങൾ
എന്നും മനസ്സിലുദിച്ചീടണേ
വിദേശകറൻസികൾ കാണുമ്പോളോർക്കണം
ഒറ്റനാണയത്തിനായോടിയ കാലത്തെ
അപ്പനുമമ്മയും കാതോർത്തിരിക്കുമ്പോൾ
സദ്‌വർത്തമാനം കേൾപ്പിക്കണേ
നിങ്ങടെയാനന്ദം കാണുമ്പോളല്ലയോ
ഞങ്ങടെയുള്ളം നിറയുന്നത്
ചുറ്റും പിശാചിന്റെ താണ്ഡവമാണല്ലോ
നാഥന്റെ പാത മറന്നീടല്ലേ
ഞങ്ങളെയോർത്തൊട്ടും ഖേദിക്കവേണ്ട
നാഥന്റെ സാമീപ്യം കൂടെയുള്ളപ്പോൾ
നമ്മുടെ പള്ളീടെ മുറ്റത്തണയുമ്പോൾ
സന്താപമൊക്കെ മാറീടും മക്കളെ
നമ്മുടെ കൂട്ടായ്മയിൽ നിന്നും ലഭിക്കുന്ന
സംതൃപ്തി മറ്റെവിടെയെങ്കിലും ലഭിച്ചീടുമോ?
കാലങ്ങളായി നമ്മൾ കാത്തുസൂക്ഷിച്ചൊരു
മാതൃസഭയെ മറന്നീടല്ലേ
അക്കരപ്പച്ച കണ്ടോടുന്ന മർത്ത്യന്റെ
പേക്കൂത്ത് കണ്ടു മയങ്ങീടല്ലേ
ഉള്ളിന്റെയുള്ളിൽ കാത്തുസൂക്ഷിക്കണേ
കർത്തന്റെ ശോഭിതദിവ്യതേജസ്സിനെ
ഇംഗ്ലീഷ്കാരന്റെ നാട്ടിലാണെങ്കിലും
നമ്മുടെ നാടിനെ മറന്നീടല്ലെ
എല്ലാമൊരുതരം ഫാഷനായി കാണുന്ന
കൂട്ടത്തിലെങ്ങാനും വീണിടല്ലേ
ഞങ്ങടെ കാലം കഴിഞ്ഞാലുമില്ലേലും
കെട്ടുറപ്പുള്ളോരായി നടന്നീടണേ
പ്രാർത്ഥന കൈവിട്ടുപോകല്ലെ മക്കളെ
നാഥന്റെ പൊൻകരം താങ്ങിക്കൊള്ളും

# അന്ത്യമൊഴി

സില്ലാ ജോൺസൺ
തേവലക്കര ഇമ്മാനുവേൽ

ഓരോ മനുഷ്യന്റെയും അവസാനനാളുകളിൽ അവർക്ക് നമ്മോട് പറയാൻ വിലപ്പെട്ട ഒരു ദൂതുണ്ട്.

റാബിയ ബസ്രിയെന്ന സൂഫി വനിത രോഗക്കിടക്കയിൽ ആയിരിക്കുമ്പോൾ, സൂഫി ഗുരു അവളോട് ഒരു ചോദ്യം ഉന്നയിച്ചു.

'എന്തുകൊണ്ടാണ് രോഗം മാറാൻ വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കാത്തത്.' അവർ മറുപടി പറഞ്ഞു: "എങ്ങനെയാണ് അവന്റെ അനുഗ്രഹത്തിന്റെ പേരിൽ അവനോട് പരാതി പറയുക...?"

പ്രകാശം കിട്ടിയ അവരുടെ അന്ത്യമൊഴികൾ ഇപ്രകാരമാണ്; 'ഞാൻ ദൈവത്തിൽനിന്ന് വരികയും അവനിലേക്ക് തിരിച്ചുപോക്കുകയും ചെയ്യുന്നു." മരണം മുന്നിൽ കണ്ടുകിടക്കുന്ന മനുഷ്യരിലെ പ്രത്യാശ എത്ര വലുതമാണ്. എന്റെ സുഹൃത്തിന്റെ അമ്മ അവസാനശ്വാസത്തെ ചുംബിക്കാനായുമ്പോൾ പറഞ്ഞ വാക്കുകൾ ഓർക്കുന്നു. മകനെ അടുത്തുവിളിച്ച്, വിരലുകൾ മെല്ലെ അനക്കി കൈയുയർത്തി അവന്റെ കവിൾത്തടത്തിൽ സ്പർശിച്ചു. പിന്നെ കണ്ണ് നിറഞ്ഞുകൊണ്ട് പറഞ്ഞു: 'എല്ലാവരെയും നന്നായി നോക്കണം, യേശുവിലുള്ള വിശ്വാസം കൈവിടരുത്; അവന്റെ കരങ്ങളിൽ മുറുകെ പിടിച്ചാൽ മാത്രം മതി.' അവന്റെ കൈയിൽ മുറുകെപ്പിടിച്ചുകൊണ്ടാണ് ആ അമ്മ ലോകത്തോട് വിടപറഞ്ഞത്. അമ്മയിലൂടെ ദൈവത്തിലുള്ള പ്രത്യാശ മകനു പകർന്നുകിടക്കുകയാണ്. ഇനി അവന് വലിയ ഉത്തരവാദിത്വമുണ്ട്. യേശുവിന്റെ കരം വിട്ടുനടക്കാൻ ആകാത്തവിധം ചേർത്തുപിടിച്ചിട്ടാണ് ആ അമ്മ പോയത്. ഇത്തരം വിലപ്പെട്ട അന്ത്യമൊഴികൾ നമുക്ക് ചുറ്റും അരങ്ങേറുന്നുണ്ട്.

ഒരു കള്ളന്റെ ജീവിതം വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ക്രിസ്തുവിനെപ്പോലെ തന്നെ ഇരുകാലുകളും ചേർത്താണിയടിച്ച് ശരീരത്തിന്റെ മുഴുവൻ ഭാരവും കൈകളിൽ താങ്ങി, ശ്വാസിക്കുവാന് പോലും പറ്റാതെ കിടക്കുമ്പോൾ, കൂടെ ക്രൂശിക്കപ്പെട്ടത് ദൈവപുത്രനാണെന്നുള്ള തിരിച്ചറിവ് അയാളിൽ ഉണ്ടാക്കുന്നു.

ഗാഗുൽത്താമലയിൽ മരണത്തിനു നിമിഷങ്ങൾ മാത്രം അവശേഷിക്കുമ്പോൾ ദൈവത്തിൽനിന്നും സ്വർഗ്ഗം അടിച്ചുമാറ്റിയ ഒരു വലിയ കള്ളൻ. നമ്മുടെ അന്ത്യനാളുകളിൽ നാം ഇനിയും ആരെയാണ് പഴിക്കുന്നത്; ദൈവത്തെയോ? ക്രൂശിക്കപ്പെട്ട കള്ളന്റെ വിലപ്പെട്ട അന്ത്യമൊഴി നമ്മുടെ അധരങ്ങളെയും കുളിരണിയിക്കട്ടെ.

"യേശുവേ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെയും കൂടെ ഓർത്തുകൊള്ളേണമേ...." അപ്പോഴാണ് ക്രിസ്തുവിന് നമ്മോടും പറയാനാകുക. 'ഇന്ന് നീയും എന്നോടുകൂടെ പറുദീസായിലിരിക്കും.' ●



ആരോഗ്യം



# വേനൽക്കാലത്ത് കഴിക്കേണ്ടതും ഒഴിവാക്കേണ്ടതുമായ ഭക്ഷണങ്ങൾ



ആരോഗ്യം വളരെയേറെ ശ്രദ്ധിക്കേണ്ട സമയമാണ് വേനൽക്കാലം. ഭക്ഷണക്രമം മുതൽ ജീവിതശൈലിയിൽ വരെ മാറ്റങ്ങൾ അനിവാര്യമായ സന്ദർഭമാണിത്. ഒട്ടേറെ പകർച്ചവ്യാധികൾ പടരുന്ന വേനൽക്കാലത്ത് പ്രത്യേകമായ ഭക്ഷണക്രമമാണ് ആവശ്യം.

ഇഷ്ടപ്പെടുന്നതും പതിവായി കഴിക്കുന്നതുമായ ആഹാരങ്ങൾ ഒഴിവാക്കേണ്ട സമയംകൂടിയാണ് വേനൽക്കാലം. എണ്ണയിൽ വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങൾ തീർച്ചയായും ഒഴിവാക്കണം. ചിക്കൻ വിഭഗങ്ങൾ ശരീരത്തിൽ കൂടുതൽ ചൂടുണ്ടാക്കും.

പിസ, ബർഗർ, പഫ്സ്, ഡ്രൈഫ്രൂട്സ് തുടങ്ങിയവ ഒഴിവാക്കണം. ഐസ്ക്രീം, കൂൾഡ്രിംഗ്സ് എന്നിവ ചൂടിന് താൽക്കാലിക ശമനം തരുമെങ്കിലും ശരീരത്തിന്റെ ചൂട് വർദ്ധിപ്പിക്കും. എരിവുള്ള ഭക്ഷണങ്ങൾ അധികം കഴിക്കരുത്. വേനൽക്കാലത്ത് ചപ്പാത്തി ഒഴിവാക്കണം. ധാരളം വെള്ളം കുടിക്കുന്നതിനൊപ്പം എല്ലാതരം പഴങ്ങളും കഴിക്കണം.

പഴത്തിൽ അടങ്ങിയിരിക്കുന് വിറ്റാമിനുകളും ജലാംശവും നിങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നു. പഴങ്ങൾ കഴിക്കുന്നതിലൂടെ ശരീരത്തിൽ ജലാംശത്തിന്റെ അളവ് കൂടുന്നു. ●



# കമ്പ്യൂട്ടറും മൊബൈൽഫോണും ഉപയോഗിക്കുന്നവർ...

കമ്പ്യൂട്ടറിന്റെയും മൊബൈൽ ഫോണിന്റെയും ഉപയോഗം പലവിധ രോഗങ്ങൾ സമ്മാനിക്കുമെന്നതിൽ തർക്കമില്ല. മുതിർന്നവരെപ്പോലെ കുട്ടികളെയും ബാധിക്കുന്ന പ്രശ്നമാണിത്.

കമ്പ്യൂട്ടറിന്റെയും മൊബൈൽഫോണിന്റെയും കൂടുതലായ ഉപയോഗം കണ്ണ്, കഴുത്ത്, തലച്ചോറ്, ബുദ്ധി എന്നിവയെ ബാധിക്കുമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ബുദ്ധിമാന്ദ്യവും ഞരമ്പുകളുടെയും എല്ലുകളുടെയും ശക്തി ശോഷിക്കുവാനും കാരണമാകും.

തുടർച്ചയായി കമ്പ്യൂട്ടറിനു മുന്നിൽ ഇരിക്കാതെ ഓരോ അര മണിക്കൂർ ഇടവേളകളിലെങ്കിലും അവിടെ നിന്നു മാറാനും കണ്ണുകൾക്ക് വിശ്രമം നൽകാനും ശ്രമിക്കണം. കമ്പ്യൂട്ടറിന് മുന്നിൽ ശരിയായ രീതിയിൽ ഇരിക്കുന്നതിലൂടെ നടുവേദന, കഴുത്ത് വേദന ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ അകറ്റാനും സാധിക്കും.

രാത്രിയിൽ ഉറങ്ങുന്നതിന് മുമ്പ് മൊബൈൽ ഫോണിൽ നോക്കിയിരിക്കുന്ന ശീലം ഭൂരിഭാഗം പേരിലുമുണ്ട്. ഫോണിൽനിന്ന് വരുന്ന നീല വെളിച്ചം കണ്ണിന്റെ കാഴ്ചയെ ബാധിക്കും. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. ●

# ദൈവത്തിന്റെ ഹൃദയത്തിലേക്കുള്ള നടപ്പാത



റ്റീനാ ജിനി
തേവലക്കര ഇമ്മാനുവേൽ

**വി**ശ്വാസജീവിതത്തിന്റെ അടിസ്ഥാനമാണ് പ്രാർത്ഥന. നമ്മുടെ ജീവിതശൈലിയിൽ രാവിലെ ഉണരുമ്പോൾ പ്രാർത്ഥന എന്ന യാഗത്തിലൂടെ നാം ഒരു ദിവസം തുടങ്ങുന്നു. അപ്പോൾ നമുക്ക് ആ ദിവസം നല്ല ഉണർവ്വും ശക്തിയും ഉണ്ടാകുന്നു. പ്രാർത്ഥന എന്നാൽ ദൈവത്തിന്റെ ഹൃദയത്തിലേക്കുള്ള നടപ്പാതയാണ്. പ്രാർത്ഥനശക്തിയാണ്. പ്രാർത്ഥന കഷ്ടത മറക്കുമാറാക്കുന്നു.

ഏതെല്ലാം രീതിയിൽ നാം ദൈവത്തോട് പ്രാർത്ഥിക്കാം?

**1. കുടുംബമായി പ്രാർത്ഥിക്കാം**

ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും (യോശുവ 24:15). ഇന്ന് നമ്മുടെ ഭവനങ്ങളിൽ ഇല്ലാതെ പോകുന്ന ഒരു കാര്യമാണ് കുടുംബപ്രാർത്ഥന. ഇന്നത്തെ ലോകത്ത് നമ്മുടെ കുഞ്ഞുങ്ങൾ അറിയാതെപോകുന്ന ഒരു കാര്യമാണ് കുടുംബപ്രാർത്ഥന. അതുകൊണ്ട് പ്രാർത്ഥന നമ്മുടെ ജീവിതശൈലിയുടെ ഭാഗമാക്കി മാറ്റണം.

**2. ഉപവാസത്തോടെ പ്രാർത്ഥിക്കാം.**

വി. മത്തായി 6:16–ൽ വായിക്കുന്നു: ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത്; അവർ ഉപവസിക്കുന്നത് മനുഷ്യർക്ക് വിളങ്ങേണ്ടതിനു മുഖം വിരൂപമാക്കുന്നു. അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. നാം ഉപവസിക്കുമ്പോൾ നമ്മുടെ ശരീരങ്ങളെ മാത്രമല്ല മനസ്സിനെയും കൂടി ശുദ്ധീകരിക്കണം.

**3. രഹസ്യത്തിൽ പ്രാർത്ഥിക്കാം**

മത്തായി 6:6. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും. താഴ്മയോടും വിശ്വാസത്തോടും ജൽപ്പനം ചെയ്യാതെയും നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

**4. എപ്പോഴും പ്രാർത്ഥിക്കണം**

ദിനംതോറും പതിവായി വ്യക്തിപരമായ പ്രാർത്ഥനാസമയം നമുക്കുണ്ടായിരിക്കണം. എല്ലായിടത്തും എല്ലായ്പ്പോഴും തുടർമാനമായി പ്രാർത്ഥിക്കണം. ഏഫെസ്യർ 6:18 "സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ."

**5. മടുത്തുപോകാതെ പ്രാർത്ഥിക്കണം.**

ദൈവേഷ്ടപ്രകാരമുള്ള എല്ലാ പ്രാർത്ഥനയ്ക്കും മറുപടിയുണ്ട്. മത്തായി 7:7 യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾ തുറക്കും.യാചിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറക്കും. അതുകൊണ്ട് നാം ദൈവത്തോട് മടുത്തുപോകാതെ പ്രാർത്ഥിക്കണം.

പ്രാർത്ഥനയാകുന്ന നടപ്പാതയിലൂടെ ദൈവത്തിന്റെ ഹൃദയവാഞ്ചകളെ ഉൾക്കൊണ്ട് വിശാലമായ ലോകത്തിലേക്കു സഞ്ചരിക്കാം. ●

*സദൃശ്യവാക്യങ്ങൾ 17:22*
*"സന്തുഷ്ടഹൃദയം നല്ലൊരു ഔഷധമാകുന്നു;*
*തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു."*

# പുഞ്ചിരിയുടെ വില



**ഡോ. ജാൻസി ജെയിംസ്**
**തേവലക്കര ഇമ്മാനുവേൽ**

തിരക്കുപിടിച്ച ജീവിതത്തിൽ ഒന്നു ചിരിക്കാൻപോലും മറന്നുപോകുന്നവരുടെ എണ്ണം ഇന്ന് അധികമാണ്. ചെലവ് കുറഞ്ഞതും അതേ സമയം ഏറ്റവും മൂല്യവത്തുമായ ഒരാശയവിനിമയമാണ് "പുഞ്ചിരി". ഏവർക്കും മനസ്സിലാകുന്ന ലോകഭാഷയാണിത്. ഏതു ദുഃഖത്തെയും ഒരു നിമിഷത്തേക്കെങ്കിലും അപ്രസക്തമാക്കാൻ അപാരമായ കഴിവാണു പഞ്ചിരിക്കുള്ളത്.

2003-ൽ ന്യൂയോർക്കിൽ പ്രശസ്തമായ 'ഗോൾഡൻ ഗേറ്റ്' പാലത്തിൽനിന്ന് ചാടി ആത്മഹത്യ ചെയ്ത വ്യക്തി തന്റെ അപ്പാർട്ട്മെന്റിൽ ഒരു കുറിപ്പ് എഴുതിവെച്ചിരുന്നു.

"ഞാൻ ഈ പാലത്തിലൂടെ നടക്കാൻ പോകുന്നു. വഴിയിൽവെച്ച് ഏതെങ്കിലും ഒരു വ്യക്തി എന്റെ മുഖത്തുനോക്കി പുഞ്ചിരിച്ചാൽ ഞാൻ ചാടി ആത്മഹത്യ ചെയ്യില്ല."

പുഞ്ചിരിയുടെ വില എന്താണെന്ന് മനസ്സിലായില്ലേ... പുഞ്ചിരി എല്ലായിടത്തും സന്തോഷത്തോടെ വ്യാപിക്കുന്ന ഒരു മുഖവുരയാണ്. ശാരീരിക സൗന്ദര്യത്തിന്റെ യഥാർത്ഥമായ അലങ്കാരമാണിത്.

"മനസ്സ് വിതുമ്പുന്ന സമയത്തും ചിരിക്കാൻ കഴിയുന്നത് ഒരു ഭാഗ്യമാണ്. ഒരു വരദാനമാണത്. ഒന്നും സ്വന്തമായില്ലാത്തവർക്ക് ദൈവത്തിന്റെ സമ്മാനം."

"പുഞ്ചിരി"

*Recause of your smile, you make Life more Beautiful*

**അടൂർ ഭദ്രാസനത്തിൽ അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിച്ച്**
**മറ്റു ഭദ്രാസനങ്ങളിലേക്ക് യാത്രയാകുന്ന ബഹുമാനപ്പെട്ട പട്ടക്കാർക്ക്**

## യാത്രാമംഗളങ്ങൾ

1. **റവ.ഡോ. കെ.എ. ഏബ്രഹാം**
2. **റവ. കെ.സി. ഏബ്രഹാം**
3. **റവ. സഖറിയാ ജോൺ**
4. **റവ. ഏബ്രഹാം പണിക്കർ. ജി.**
5. **റവ. ജോ ജോൺ**
6. **റവ. തോമസ് കെ. തോമസ്**
7. **റവ. എ.റ്റി. തോമസ്**



# വേർപാടുകൾക്കപ്പുറം

Kids Corner

ഓമനിച്ചു വളർത്തിയ ആമ ജീവനറ്റു കിടക്കുന്നത് കണ്ട് കുട്ടിക്കു സങ്കടമായി. അച്ഛൻ അവനെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. 'സാരമില്ല. സംസ്കാരം നമുക്ക് ആഘോഷമായി നടത്താം. വിശിഷ്ടമായ ശവപ്പെട്ടിയുണ്ടാക്കി അതിൽ സംസ്കരിക്കാം. മാർബിളിൽ പേര് കൊത്തിവെയ്ക്കാം. ചുറ്റും പൂച്ചെടികൾ വെച്ചു പിടിപ്പിക്കാം.' കുട്ടിക്കും ആവേശമായി. എല്ലാം തയ്യാറാക്കിയശേഷം നോക്കിയപ്പോൾ, അതാ ആമ കുളത്തിൽ നീന്തിക്കളിക്കുന്നു. നിരാശനായ കുട്ടി അടുത്തുനിന്ന കൂട്ടുകാരനോട് ചോദിച്ചു: 'നമുക്ക് ഇതിനെയങ്ങു കൊന്നാലോ?'

സ്നേഹത്തിന്റെ മാറ്റുരച്ചു നോക്കേണ്ടത് അതിൽ നിബന്ധനകൾ അടങ്ങിയിട്ടുണ്ടോ എന്നു കണ്ടെത്തിയാണ്. വ്യവസ്ഥകൾ വെച്ചുള്ള സ്നേഹം പിടിച്ചുനിൽക്കുന്നത് അതിനോട് ബന്ധിപ്പിച്ചിരിക്കുന്ന പ്രതീക്ഷകളിലാണ്. ബന്ധത്തിൽനിന്നു ലഭിക്കുന്ന വേതനമാണ് പല സമ്പർക്കങ്ങളുടെയും ഉത്തേജകമരുന്ന്.

പ്രിയ കൂട്ടുകാരേ, യേശു കാട്ടിത്തന്ന സ്നേഹത്തിന്റെ പരിമളം പുറപ്പെടുവിക്കുന്നവരായി നമുക്ക് ജീവിക്കാം.


## പള്ളിപ്പാട് ദീപ്തി സ്കിൽ ഡെവലെപ്മെന്റ് സെന്റർ

പള്ളിപ്പാട് ദീപ്തി ബാലികാഭവൻ കെട്ടിടത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള വനിതകൾക്കായി വ്യത്യസ്ത തൊഴിൽ പരിശീലനകേന്ദ്രം ആരംഭിച്ചിരിക്കുന്നു. താല്പര്യമുള്ളവർ ബന്ധപ്പെടുക

**Ph: 0479 2408834 (O), 9946440580, 8075876349**


## വാർത്തകൾ

### കരിസ്മാറ്റിക് ധ്യാനം

**എല്ലാ 1 – ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്**

### കോർ ഗ്രൂപ്പ് യൂത്ത് ഫെല്ലോഷിപ്പ്

**എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും വൈകിട്ട് 6.30 മുതൽ**

### മുഴുരാത്രി പ്രാർത്ഥന

**എല്ലാ മൂന്നാം വെള്ളിയാഴ്ചയും, അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ**

### പെയിൻ & പാലിയേറ്റീവ്

**എല്ലാ 4 – ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്**

### ഭദ്രാസന അസംബ്ലി

**2019 ജൂലൈ 13 ശനിയാഴ്ച, അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ**

### വിദ്യാലയ വർഷാരംഭ ധ്യാനവും പഠനോപകരണ വിതരണവും

**2019 മെയ് 17 വെള്ളിയാഴ്ച, ഉച്ചകഴിഞ്ഞ് 3 മണി, അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ**

Youth Corner

# ARE THE DAYS OF NOAH HERE AGAIN?

**Genesis 4:16-26**

Let's look at the evidence and observe the characteristics that prevailed in those days and see just where we are on God's prophetic calendar. Notice the following characteristics.

I. **THOSE DAYS WERE CHARACTERIZED BY PERVERSION. V.**4:1-15

II. THOSE **DAYS WERE CHARACTERIZED BY PROSPERITY.** V.4:20

III. THOSE **DAYS WERE CHARACTERIZED BY PLEASURE. V.**4:21

IV. **THOSE DAYS WERE CHARACTERIZED BY PROGRESS.V.** 4:22; 17

V. **THOSE DAYS WERE CHARACTERIZED BY POLYGAMY. V.** 4:23

VI. THOSE **DAYS WERE CHARACTERIZED BY PRIDE.** V.4:24

VII.**THOSE DAYS WERE CHARACTERIZED BY POLLUTION.V.** 6:1-13

A. **Social Pollution** – **Verses 5-6; 11-12** reveal the moral and social climate of that day

B. **Sexual Pollution** – It was a time of unequal yokes in marriage, **6:1-4** and tolerance of evil and wicked lifestyles, **4:19-24.**

C. **Spiritual Pollution** – **Verse 12** tells us that men had "***corrupted His way upon the earth.***" Men had turned from the worship of the true and living God to embrace the occult.

Have the days of Noah arrived again? Can you see the signs of the times?

Jesus said, "***And when these things begin to come to pass, then look up, and lift up your heads; for your redemption draweth nigh,***" **Luke 21:28**

അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, പരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതായിരിക്കും

2019 മെയ് 20 – നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം



2019 ജൂലൈ – സെപ്റ്റംബർ

**വിഷയം : സാക്ഷ്യം:**

**കുടുംബത്തിൽ – സഭയിൽ – സമൂഹത്തിൽ**

*കൂടുതൽ വിവരങ്ങൾക്ക്:*

റവ. പി.ജെ. തോമസ് – 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691523
E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com

# ശാന്തതയുടെ രഹസ്യം

**ലിജി ശാമുവേൽ (കലയപുരം ശാലേം)**

**ശാ**ന്തമായ ഒരു ജീവിതം എങ്ങനെ എന്ന് ഏകനാഥസ്വാമികൾ വിവരിച്ചു. സദസ് പിരിഞ്ഞപ്പോൾ ഒരാൾ അദ്ദേഹത്തോട് പറഞ്ഞു: "താങ്കളുടെ ജീവിതം ശാന്തം, സരളം... ഞങ്ങളുടെ ജീവിതം വളരെ തിരക്കുപിടിച്ചത്. കോപിക്കേണ്ട എന്നു കരുതിയാലും കോപിച്ചുപോകും. അങ്ങേയ്ക്ക് എങ്ങനെ അത്തരം വികാരങ്ങളെ നിയന്ത്രിക്കാൻ സാധിക്കുന്നു. "കുറച്ചുനേരം ചിന്താധീനനെന്ന പോലെ  ഇരുന്നിട്ട് സ്വാമികൾ പറഞ്ഞു: "എന്റെ കാര്യം വിടൂ... എനിക്കിപ്പോൾ ഒരു കാര്യം തോന്നുന്നു. താങ്കൾക്ക് അതു ശാന്തമായി കേൾക്കാമോ?" എന്താ അത്? ചോദ്യകർത്താവ് ഉത്കണ്ഠയോടെ തിരക്കി. താങ്കൾക്ക് ഏഴുദിവസം കൂടിയേ ഇനി ആയുസ്സുള്ളൂ.. അതിനാൽ..." സ്വാമികൾ പറയുന്നത് മുഴുവൻ കേൾക്കാൻ നിൽക്കാതെ അയാൾ വീട്ടിലേക്ക് തിരക്കിട്ട് യാത്രയായി. വീട്ടിലെത്തിയപ്പോൾ അയാളുടെ അവസ്ഥ പരമ ദയനീയം. അയാളുടെ വിഷമാവസ്ഥയ്ക്ക് കാരണം വീട്ടിൽ ആർക്കും അറിയില്ല. അവരോട് തന്റെ മരണകാര്യം പറയുവാൻപോലുമുള്ള ധൈര്യം അയാൾക്കുണ്ടായിരുന്നില്ല. "മൗനം തന്നെ മൗനം"

ബന്ധുക്കളും സ്വന്തക്കാരും അയാളുടെ അവസ്ഥ മനസ്സിലാക്കാനാവാതെ വല്ലാത്ത അവസ്ഥയിലായി. ദിവസങ്ങൾ കഴിഞ്ഞു. അയാൾ മരണവും കാത്തു കിടപ്പുതന്നെ കിടപ്പ്. ആറു ദിവസം അങ്ങനെ കഴിഞ്ഞു. ഏഴാം ദിവസം സ്വാമി അയാളുടെ അരികിൽ എത്തി. എന്തുണ്ട് വിശേഷങ്ങൾ? അദ്ദേഹം തിരക്കി. ഇനി എന്തു വിശേഷം? ഇന്നു ഞാൻ പോകുകയല്ലേ? അയാൾ ദയനീയമായി പറഞ്ഞു.


സ്വാമി ചോദിച്ചു: ഈ കഴിഞ്ഞ ദിവസങ്ങളിൽ അങ്ങ് കോപിക്കുകയോ, മറ്റ് പ്രശ്നങ്ങൾ ഉണ്ടാക്കുകയോ ചെയ്തുവോ? ഇല്ല. അതിനൊക്കെ സമയം എവിടെ..? ഞാൻ മരണം കാത്തിരിക്കുകയാണ്. അയാൾ അസ്വസ്ഥതയോടെ പറഞ്ഞു.

താങ്കൾ അന്നു ചോദിച്ച ചോദ്യത്തിന് ഇപ്പോൾ ഇത്തരമായി. മരണമാകുന്ന സിംഹം ഏത് നിമിഷവും നമ്മുടെ മേൽ ചാടിവീഴും... അക്കാര്യം ശരിക്കും ഉറപ്പായാൽ പിന്നെ വേണ്ടാത്തത് ചിന്തിക്കാനും പറയുവാനും പ്രവർത്തിക്കുവാനും നമുക്ക് സമയം കിട്ടുകയില്ല. തെറ്റ് ചെയ്യുവാനും തോന്നില്ല. കാരണം നാം ഇവിടെ തൽക്കാലത്തേക്കു വന്നവരാണെന്ന് അറിയാവുന്നതുകൊണ്ട് ഇക്കാര്യം ഞാൻ എപ്പോഴും ഓർമ്മിക്കുന്നു. അതുകൊണ്ടാണ് ശാന്തമായി ഇരിക്കുവാൻ കഴിയുന്നത്.

**കവിത**

# ക്രൂശിലെ സ്നേഹം

**ഹെലൻ ജെയിംസ്**
**മാർത്തോമ്മാ ചർച്ച്, ഏനാത്ത്**



ക്രൂശിൻ ചുവട്ടിൽ ഇരിക്കട്ടെ നാഥാ
ഞാൻ പാപത്തിൻ ഭാര ചുമടുമായി
ജീവൻ തന്നവൻ നീ
ജീവിതം തന്നവൻ നീ
ജീവിത നിയോഗങ്ങൾ തന്നവൻ നീ
ജീവന്റെ വീണ്ടെടുപ്പും നീ
പാപബന്ധനത്തിൽ വീണുപോയ് ഞാൻ
പാപിയിൽ പ്രധാനിയായി ഞാൻ
പാപത്തെ വെറുത്ത നാഥാ
പാപിയെ സ്നേഹിച്ച നാഥാ
നീയെന്നെ അറിഞ്ഞു
നീയെന്നെ ഓമനപേർ ചൊല്ലിവിളിച്ചു
നീയെന്നെ അമ്മയുടെ ഉദരത്തിൽ കണ്ടു
നിൻ കരുതലിൽ കരത്തിൽ
ഞാൻ ആകുവാൻ കൊതിക്കുന്നു
നീയല്ലാതെ ഒന്നുമേ ഇല്ലയെന്നിൽ
നീയെന്റെ ജീവന്റെ സ്പന്ദനമായ്

# പ്രശ്നോത്തരി

**കഴിഞ്ഞ ലക്കത്തിലെ വിജയി: ആനി ബൻസി, കുന്നിട സെന്റ് തോമസ്**

1 ലളിത ജെയിംസ്, ചുനക്കര സെന്റ് തോമസ്
2 ഡോ. റിജോ സൈമൺ തോമസ്, കോഴിക്കോട് സെന്റ് തോമസ്
3 രേഷ്മാ ലിജു, വാത്തികുളം ബഥേൽ
4 ലൗലി വർഗ്ഗീസ്, ഞക്കനാൽ ശാലേം
5 ഏലിയാമ്മ വർഗ്ഗീസ്, വെട്ടിയാർ ശാലേം
6 ബീനാ ജേക്കബ്, ചുനക്കര സെന്റ് തോമസ്
7 എയ്ഞ്ചലാ സാറാ ജോൺ, പിറവന്തൂർ സെന്റ് തോമസ്
8 ആനി വർഗ്ഗീസ്, പുതുവൽ സെന്റ് തോമസ്
9 എൽസാ നൈനാൻ, പുതുവൽ സെന്റ് തോമസ്
10 ലീലാമ്മ ഫിലിപ്പ്, ചുനക്കര സെന്റ് തോമസ്
11 അച്ചാമ്മ ജോൺ, വെട്ടിയാർ സെന്റ് തോമസ്
12 ജിൻഷാ കെ. ജോൺ, കോഴിക്കോട് എം.റ്റി.സി.
13 ചാക്കോ വർഗ്ഗീസ്, കറ്റാനം സെന്റ് തോമസ്
14 അന്നമ്മ ജോൺ, കുറത്തികാട് ജറുശലേം
15 ആനി ചെറിയാൻ, കായംകുളം ശാലേം
16 ബീന സജി, കുറത്തികാട് സെന്റ് തോമസ്
17 പ്രിൻസി ബാബു, കുന്നുംപുറത്ത് കടവിൽ
18 ആദിൻ ജൻസിൻ, കുറത്തികാട് ജറുശലേം
19 പി.ജി. തോമസ്, കോഴിക്കോട് സെന്റ് തോമസ്
20 ലില്ലി തോമസ്, ചാച്ചിപ്പുന്ന ശാലേം
21 ഗീതാ പി സൈമൺ, കോഴിക്കോട് സെന്റ് തോമസ്
22 ആഷിൻ ജോൺ അനിയൻകുഞ്ഞ്, വെസ്റ്റ് കല്ലട എം.റ്റി.സി.
23 ലിസി ജോൺ, കറ്റാനം സെന്റ് തോമസ്
24 ലീലാമ്മ സൈമൺ, ചുനക്കര സെന്റ് തോമസ്
25 റോഷൻ സാജ്, അങ്ങാടിക്കൽ ശാലേം
26 ആനി അലക്സാണ്ടർ, കറ്റാനം സെന്റ് തോമസ്
27 ഷേർളി ജെയിംസ്, കുറത്തികാട് സെന്റ് തോമസ്
28 മേരി മാത്യു, മണ്ണടി എം.റ്റി.സി.
29 ജിജി ബാബു, ചുനക്കര സെന്റ് തോമസ്
30 സുനി സജു, ചുനക്കര സെന്റ് തോമസ്
31 തോമസ് വർഗ്ഗീസ്, കായംകുളം ശാലേം
32 കുഞ്ഞമ്മ ഫിലിപ്പോസ്, കണ്ണങ്കോട് എം.റ്റി.സി.
33 അലീന ജോൺസൺ, കലയപുരം ശാലേം
34 സൂസമ്മ ജോൺ, കായംകുളം ശാലേം
35 ജിൻസി ജോയി, കല്ലട സെന്റ് തോമസ്
36 ലാലി ബാബു, തേവലക്കര ഇമ്മാനുവേൽ
37 ഏലിയാമ്മ തോമസ്, കറ്റാനം സെന്റ് തോമസ്
38 പൊന്നമ്മ തോമസ്, ചാച്ചിപ്പുന്ന ശാലേം
39 ലില്ലിക്കുട്ടി യോഹന്നാൻ, വെസ്റ്റ് കല്ലട ഇമ്മാനുവേൽ
40 എലിസബത്ത് ജോൺസൺ, കൊല്ലക സെന്റ് തോമസ്
41 ഡോ. ലയാ സാറാ മാത്യൂ, കോഴിക്കോട് സെന്റ് തോമസ്
42 ബിന്ദു നൈനാൻ, വാത്തിക്കുളം ബഥേൽ
43 ആനി ബൻസി, കുന്നിട സെന്റ് തോമസ്
44 അന്നമ്മ ബൻസി, കുന്നിട സെന്റ് തോമസ്
45 സോണി സുരേഷ്, ചുനക്കര സെന്റ് തോമസ്
46 സിസി ജോർജ്ജ്, പള്ളിക്കൽ സെന്റ് തോമസ്
47 സൂസമ്മ കോമളച്ചൻ, കറ്റാനം സെന്റ് തോമസ്
48 ജസ്റ്റീന ജോൺ, പൂകുളഞ്ഞി സെന്റ് പോൾസ്
49 അന്നമ്മ മാത്യു, പൂകുളഞ്ഞി സെന്റ് പോൾസ്
50 ഏലിയാമ്മ ജേക്കബ്, വാത്തികുളം ബഥേൽ
51 ബ്രൈറ്റി ഷിജോ, കൊല്ലക സെന്റ് തോമസ്
52 അന്നമ്മ കോശി, ഐരാണിക്കുടി ഇമ്മാനുവേൽ
53 മോളി ജേക്കബ്, കറ്റാനം സെന്റ് തോമസ്
54 അമ്മിണി ഡേവിഡ്, ചാച്ചിപ്പുന്ന ശാലേം
55 കെ.എസ്. തോമസ്, ചുനക്കര സെന്റ് തോമസ്
56 മോളിക്കുട്ടി മത്തായി, വയലാ ശാലേം
57 ബീന തോമസ്, കറ്റാനം സെന്റ് തോമസ്
58 സി. കുഞ്ഞുമോൻ, താമരക്കുളം സെന്റ് തോമസ്
59 ജസ്സി ജോൺസൺ, ഏനാത്ത് എം.റ്റി.സി.
60 എൽസി ജേക്കബ്, പത്തനാപുരം ഇമ്മാനുവേൽ
61 എൽസബത്ത് സ്റ്റീഫൻ, പന്തളം എം.റ്റി.സി.
62 ജോസ് വൈ., കായംകുളം ശാലേം
63 സാലി ഷാജി, കൊറ്റനല്ലൂർ ശാലേം
64 ജസ്സി റെജി, കൊടുമൺ സെഹിയോൻ
65 ഓമന ഏബ്രഹാം, കുറത്തികാട് ജറുശലേം
66 ആനി ഡാനിയേൽ, കൊറ്റനല്ലൂർ ശാലേം
67 സിസി തോമസ്, കൊടുമൺ സെഹിയോൻ
68 നിർമ്മല മാത്യു, പന്തളം എം.റ്റി.സി.
69 കെ.എം. ഏബ്രഹാം, കൊറ്റപ്പള്ളി ബഥേൽ
70 ജസ്റ്റ് സതീഷ്, തേവലക്കര വലിയപള്ളി
71 അന്നമ്മ തോമസ്, കോഴിക്കോട് സെന്റ് തോമസ്
72 സോഫി ജോൺ, കുളക്കട സെന്റ് തോമസ്
73 മറിയാമ്മ മാത്യു, വെട്ടിയാർ സെന്റ് തോമസ്
74 ഷേർളി സാം ജോർജ്ജ്, കൊടുമൺ സെഹിയോൻ
75 അലീന എം. മാത്യു, പൂകുളഞ്ഞി സെന്റ് പോൾസ്
76 പി.റ്റി. തോമസ്, പത്തനാപുരം ഇമ്മാനുവേൽ
77 മേഴ്സി മാത്യു, കൂടൽ ബഥേൽ
78 റ്റി.എൻ. വർഗ്ഗീസ്, കൊടുമൺ സെഹിയോൻ
79 റോസമ്മ തങ്കച്ചൻ, കോഴിക്കോട് സെന്റ് തോമസ്
80 ഹെലൻ തോമസ്, ഏനാത്ത് എം.റ്റി.സി.
81 നിഷാ സൂസൻ മാത്യു, പള്ളിക്കൽ സെന്റ് തോമസ്
82 റീനാ ബിജി, കണ്ണങ്കോട് എം.റ്റി.സി.
83 അമ്മുക്കുട്ടി ജോൺ, കൊടുമൺ സെഹിയോൻ
84 ഒ. തോമസ്, വാത്തികുളം ബഥേൽ
85 സാറാമ്മ ഏബ്രഹാം, തേവലക്കര വലിയപള്ളി
86 മെറിൻ സാറാ മാത്യു, അതിരുങ്കൽ ശാലേം
87 സൂസമ്മ ജേക്കബ്, കൊല്ലക എം.റ്റി.സി.
88 ലിനു കെ. യോഹന്നാൻ, തുരുത്തിക്കര ഇമ്മാനുവേൽ
89 മേരിക്കുട്ടി പാപ്പച്ചൻ, ചുനക്കര സെന്റ് തോമസ്
90 അനു കുഞ്ഞുമോൻ, കറ്റാനം സെന്റ് തോമസ്
91 ബിന്ദു സാബു, കൊറ്റനല്ലൂർ ശാലേം
92 റോസമ്മ ബേബി, ഏനാത്ത് എം.റ്റി.സി.
93 പ്രിയ ശാമുവേൽ, അങ്ങാടിക്കൽ ശാലേം
94 ലീലാമ്മ തോമസ്, ചൂരക്കോട് സെന്റ് മാത്യൂസ്
95 ആശാ രാജു, ഏനാത്ത് എം.റ്റി.സി.
96 ശോഭ റെജി, കൊറ്റനല്ലൂർ ശാലേം
97 തോമസ് ജോർജ്ജ്, പത്തനാപുരം ഇമ്മാനുവേൽ
98 ലിൻസി മറിയം മാത്യു, ചാച്ചിപ്പുന്ന ശാലേം
99 റെനി കോശി, ചൂരക്കോട് സെന്റ് മാത്യൂസ്
100 വത്സ മാത്യു, കണ്ണങ്കോട് എം.റ്റി.സി.
101 റ്റീനാ ജിമി, തേവലക്കര ഇമ്മാനുവേൽ
102 ലിറ്റി മറിയം സ്റ്റീഫൻ, പന്തളം എം.റ്റി.സി.
103 സാനിയ കെ. ഷിബു, വെസ്റ്റ് കല്ലട ഇമ്മാനുവേൽ
104 സൂസി ബിനോയി, വെസ്റ്റ് കല്ലട ഇമ്മാനുവേൽ
105 ജിൻസു ബിജു, കുറത്തികാട് ജറുശലേം
106 സോഫി മോനച്ചൻ, കുറത്തികാട് സെന്റ് തോമസ്
107 മേരിക്കുട്ടി ഏബ്രഹാം, വാത്തികുളം ബഥേൽ
108 നോയേൽ റ്റി. ഷാജി, വെസ്റ്റ് കല്ലട എം.റ്റി.സി.
109 റിങ്കിൾ കെ. ജോൺസൺ, കോഴിക്കോട് എം.റ്റി.സി.
110 ആലീസ് തോമസ്, തേവലക്കര ഇമ്മാനുവേൽ
111 ഗ്രേസി തോമസ്, ചുനക്കര സെന്റ് തോമസ്

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ**

1. ദൈവത്തിന്റെ സഖിത്വവും സംസർഗ്ഗവും
2. ദൈവവചനത്തിന്റെ സത്യങ്ങളെ
3. ഡോ. ആഗ്നസ് ആബം
4. ദൈവം
5. പുരോഹിതൻ
6. വ്യദ്ധന്മാരായിപ്പോകും
7. യുക്തിപരമായി ചിന്തിക്കുന്ന കാലഘട്ടം

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. വിവാഹസമയത്തെ എന്താണ് ഒഴിവാക്കേണ്ടത്?
2. അനുഗ്രഹത്തെ എപ്രകാരമുള്ള കാര്യവിചാരകത്വമായിട്ടാണ് വ്യാഖ്യാനിക്കേണ്ടത്?
3. ആ പാദപീഠത്തെ എങ്ങനെ പരിപാലിക്കാം?
4. ദൈവം തന്നിൽ അർപ്പിച്ച എന്ത് കാത്തുസൂക്ഷിക്കുന്നതിലേക്കാണ് മനുഷ്യൻ പരാജയപ്പെട്ടത്?
5. യേശുവിനെ അനുഗമിക്കുന്നവർ ഇരുളിൽ നടക്കാതെ എന്തുള്ളവർ ആയിത്തീരും?
6. വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം എന്താണ്?
7. തിരക്കുപിടിച്ച ജീവിതത്തിൽ എന്താണ് നാം മറന്നുപോകുന്നത്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2019 ജൂൺ 20**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. **- എഡിറ്റർ**

# GOVT JOB?

No.1 PSC Coaching Centre in Kerala

**TALENT ACADEMY THIRUVANTHAPURAM**

**Now @ Kattanam**

*An easy way to success* (TM)

# TALENT ACADEMY

Kattanam H.O : Thiruvananthapuram

പഠനത്തോടൊപ്പം PSC പരിശീലനം



INTENSIVE COACHING FOR

# LDC MISSION 2019

- UNIVERSITY ASSISTANT
- VILLAGE EXTENSION OFFICER (VEO)

PSC LONG TERM GENERAL BATCHES

SPECIAL HOLIDAY BATCHES FOR STUDENTS AND EMPLOYEES

WHY GO FAR WHEN THE BEST IS AT YOUR DOORSTEP?

NEET/KEAM
AIIMS/ JEE
(MAIN/ADVANCED)

## CRASH COURSE

CLASS STARTS ON
27TH MARCH 10 AM

**Admission Started...**

**Foundation Program**
(For Class IX and X for JEE/NEET)

**Private Tuitions**
(For Class VIII, IX and X)
Separate Batches: State, ICSE & CBSE

**Bridge Course**
(For Class X Appeared)

**+1 Tuition only / Tuition + Entrance / Entrance Only**
(For Students Moving to Class XI)

**+2 Tuition only / Tuition + Entrance / Entrance Only**
(For Students Moving to Class XII)

**Repeater's Program**
NEET / KEAM /AIIMS/JEE
(For Class XII Passed)

# INTEGRAL

INnovative TEaching GRooming ALchemy

Galaxy Building, K.P Road, **KATTANAM**, Alappuzha Dist.

FOR ADMISSIONS
9447566683
9447105465

MANAGED BY :

Dr.Benny George
Former H.O.D,
Mar Ivanios College, Thiruvananthapuram

Prof.Nandakumar.P
Former H.O.D.
TKMM College, Nangiarkulangara


Sunny V George
Former Principal
VHSE, Thiruvananthapuram

# ST.THOMAS MISSION HOSPITAL

## ST.THOMAS GROUP OF INSTITUTIONS



College of Pharmacy (B-Pharm)



College of Nursing (BSc Nursing & MSc Nursing)



School of Nursing (ANM & GNM)



College of Optometry (BSc Optometry)

- ✓ ST.THOMAS SCHOOL OF NURSING
  - GNM (3 YEAR) • ANM (2 YEAR)
- ✓ ST.THOMAS COLLEGE OF NURSING
  - B.SC NURSING (4 YEAR)
  - MSC NURSING (2 YEAR)
- ✓ ST.THOMAS SCHOOL OF DMLT
  - D-MLT (2 YEAR)
- ✓ DR.JOSEPH MARTHOMA INSTITUTE OF OPTHALMOLOGY SCIENCES & RESEARCH
  - B.SC - OPTOMETRY (4 YEAR)
- ✓ DR.JOSEPH MARTHOMA INSTITUTE OF PHARMACEUTIAL SCIENCES & RESEARCH
  - B-PHARM (4 YEAR)
  - PROPOSED : D-PHARM (2 YEAR)
    PHARM- D (6 YEAR
    M-PHARM (2 YEAR)

2019 ബാച്ചിലെ എല്ലാ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ
+2 റിസൾട്ട് വന്നാലുടൻ തന്നെ ആരംഭിക്കുന്നതാണ്.
വിശദവിവരങ്ങൾക്ക്
കോളേജുമായി ബന്ധപ്പെടുക.

Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas